# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങളോടുള്ള അഭ്യർത്ഥന

മലങ്കരസഭയുടെ നിയുക്ത കാതോലിക്ക തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുകയാണല്ലോ.

പ.ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ കാതോലിക്കബാവായുടെ പിൻഗാമി എല്ലാ അർത്ഥത്തിലും മികവുള്ള മെത്രാപ്പോലീത്തയായിരിക്കണം.

സഭയുടെ ചരിത്രത്തെക്കുറിച്ച് വ്യക്തമായ ധാരണയുള്ളതും സഭാകേസിന്റെ ഗതിവിഗതികളെക്കുറിച്ച് ബോധ്യമുള്ളതും ധീരമായ നേതൃത്വപാടവവും ഉള്ള ഒരു മെത്രാപ്പോലീത്തായെയാണ് സഭാമക്കൾ പ്രതീക്ഷിക്കുന്നത്.

സഭയുടെ കേസിന് അവസാനമുണ്ടാകുകയും മലങ്കരസഭയുടെ വിശ്വാസം ശക്തിപ്പെടേണ്ടതുമുണ്ട്. വിശ്വാസഹൃദയങ്ങളിൽ ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്ന സഭാസ്നേഹത്തെ ഊട്ടിയുറപ്പിക്കുവാനും പ.ബാവായുടെ പ്രവർത്തനങ്ങൾക്ക് ധീരമായ പിൻതുണ നൽകുവാനും കഴിയുന്ന മെത്രാപ്പോലീത്ത എന്ന നിലയിൽ അഭി. ഡോ.തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തയെ, നിയുക്ത കാതോലിക്കയായി തെരഞ്ഞെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

**മാർ മക്കാറിയോസ് തിരുമേനിയെ**
**എന്തുകൊണ്ട് ഞങ്ങൾ നിർദ്ദേശിക്കുന്നു**

വിശ്വാസ സമൂഹത്തെ നയിക്കുവാനുള്ള കഴിവ്
പ്രായോഗികതയ്ക്കു നൽകുന്ന പ്രാധാന്യം
ഉചിതമായ തീരുമാനമെടുക്കുവാനുള്ള പ്രാപ്തി
സഭാകേസുകളെക്കുറിച്ചുള്ള അറിവ്
സഭാചരിത്രത്തിലുള്ള പാണ്ഡിത്യം
ആഗോളസഭയ്ക്കുവേണ്ടുന്ന നേതൃഗുണം.

**മലങ്കര സഭാ സംരക്ഷകൻ**

**ഇപ്പോഴത്തെ സഭാന്തരീക്ഷത്തെ പ്രശ്നരഹിതമാക്കുവാനും പ. ബാവായ്ക്ക് തീരുമാനങ്ങൾ നടപ്പിലാക്കുവാൻ പ്രാപ്തനുമായ ഒരു മെത്രാപ്പോലീത്തായെയാണ് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഇന്ന് ആവശ്യം.**

ഈ ഒരു പശ്ചാത്തലത്തിലാണ് അഭി.ഡോ.തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെ നിയുക്ത കാതോലിക്കയായി തെരഞ്ഞെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നത്.

**പാത്രിയർക്കീസ് വിഭാഗവുമായി ആരോഗ്യപരമായ ആശയവിനിമയം നടത്തുവാൻ കഴിവുള്ള സഭയിലെ ഏക മെത്രാപ്പോലീത്തായാണിദ്ദേഹം എന്നതും വിസ്മരിച്ചുകൂടാ.**

ഇൻഡ്യൻ ഓർത്തഡോക്സ് ഹെറാൾഡിനുവേണ്ടി മലയാളവിഭാഗം റസിഡന്റ് എഡിറ്റർ ശ്രീ.ജോർജ് തഴക്കര മെത്രാപ്പോലീത്തായുമായി നടത്തിയിട്ടുള്ള സുദീർഘമായ അഭിമുഖത്തിൽ നിന്നും പ്രസക്തമെന്നു തോന്നുന്ന ചില ഭാഗങ്ങൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. അഭിവന്ദ്യ മക്കാറിയോസ് മെത്രാപ്പോലീത്തായെ കൂടുതൽ അറിയുന്നതിനും ആ വ്യക്തിത്വത്തെ മനസ്സിലാക്കുന്നതിനും ഇതു സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മലങ്കര സഭാദീപത്തിൽ ഞാനെഴുതിയ 'നിയുക്ത കാതോലിക്ക' എന്ന ലേഖനവും, കഴിഞ്ഞവർഷം പഴയസെമിനാരിയിൽ മെത്രാപ്പോലീത്താ നടത്തിയ 'വട്ടശ്ശേരിൽ സ്മാരകപ്രഭാഷണ'വും അനുബന്ധമായി ചേർക്കുന്നു.

**ഫാ.ഫിലിപ്പോസ് ഫിലിപ്പ് തേവർകാട്ടിൽ**
കാനഡ-യൂ.കെ- യൂറോപ്പ് ഭദ്രാസന സെക്രട്ടറി





അഭിമുഖം

# ഡോ.തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്ത

**ജോർജ് തഴക്കര**

*മലങ്കര സഭയെക്കുറിച്ചുള്ള മെത്രാപ്പോലീത്തായുടെ പ്രത്യാശ എന്താണ്?*

**ഇ**തൊരു ആഗോള സഭയാണ്. എല്ലാ വംശങ്ങളും എല്ലാ നിറങ്ങളും എല്ലാ ജാതികളും നോഹയുടെ പെട്ടകത്തിൽ വന്നുകൂടിയതുപോലെയുള്ള ഒരു സഭയായി എന്റെ സഭ മാറണം എന്നുള്ളതാണ് എന്റെ പ്രത്യാശ.

*തിരുമേനിക്ക് എൺപതു വയസ്സാകുകയാണ്. ഈ സാഹചര്യത്തിൽ എത്രനാൾ തുടരുവാൻ കഴിയും?*

**ഇ**തൊരു തന്ത്രമാണെന്നു തോന്നുന്നു. എങ്കിലും പറയാം. ഒന്നു രണ്ടു കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് ഇതിന് ഉത്തരം പറയേണ്ടതെന്നു തോന്നുന്നു. പൗരസ്ത്യ പാരമ്പര്യം അനുസരിച്ച് പ്രായം ഒരു യോഗ്യതയായിട്ടാണ് സാധാരണ കണക്കാക്കാറുള്ളത്. അതൊരു അയോഗ്യതയല്ല. നമ്മൾ ഇതുവരെ അങ്ങനെയാണ് ചെയ്തിട്ടുള്ളത്. രണ്ടാമതായിട്ട് നമ്മുടെ ഭരണഘടനയിൽ പ്രായപരിധി വച്ചിട്ടില്ല. പ്രായപരിധിയെക്കുറിച്ച് തറപ്പിച്ചു പറയുവാൻ ഒരുങ്ങുകയാണെങ്കിൽ അത് ഭരണഘടനയ്ക്കെതിരാണെന്നു വരും.

*ഭരണഘടനയിൽ അതിന് വ്യവസ്ഥയുണ്ടാകണമെന്നാണോ അങ്ങ് പറയുന്നത്?*

**തീ**ർച്ചയായും. അല്ലാതെ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം സ്ഥാനാർത്ഥികൾ വന്നതിനുശേഷം ഇങ്ങനെയൊരു കാര്യം പറയുന്നത് ശരിയല്ല. നമ്മൾ പ്രായമല്ല നോക്കാറുള്ളത്. പ്രായംകൊണ്ട് ഒരു ബലഹീനതയുണ്ടെങ്കിൽ അതു നോക്കും. ആരോഗ്യസ്ഥിതി നോക്കുകയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഭദ്രാസനങ്ങളിൽ തന്നെ പ്രായമുള്ള തിരുമേനി വരുമ്പോൾ അവരെ സഹാ

യിക്കുന്നതിന് അസിസ്റ്റന്റ് മെത്രാപ്പോലീത്താമാരെ ചുമതലപ്പെടുത്താറുണ്ടല്ലോ. പ്രായത്തിന്റെ പരിമിതികൾ പ്രത്യക്ഷപ്പെട്ടുതുടങ്ങുമ്പോൾ ഒരു നിയുക്ത കാതോലിക്കായെ തെരഞ്ഞെടുക്കണമെന്നു തന്നെയല്ല, അദ്ദേഹത്തിന് ചില അധികാരങ്ങളും, ചെയ്യാനുള്ള ചില സാഹചര്യങ്ങളും ഉണ്ടാക്കി കൊടുക്കണം. ഇന്ന് ഒരു നിയുക്ത കാതോലിക്കായ്ക്ക് ഭരണഘടനപ്രകാരം ഒന്നും ചെയ്യാനില്ല. അതിനുകൂടി ഒരു പ്രൊവിഷൻ ഉണ്ടാക്കുന്നത് നല്ലതായിരിക്കും. അങ്ങനെയൊന്നുണ്ടെങ്കിൽ പ്രായമുള്ള ബാവാതിരുമേനിയെ കൂടെ നിന്നു സഹായിക്കാനും ഭരണഘടനപ്രകാരം കാര്യങ്ങൾ ചെയ്യാനും അധികാരമുള്ള ഒരാളുണ്ടായിരിക്കണം.

*പ.ബാവായെ സഹായിക്കുവാനായി നിയോഗമുണ്ടായാൽ അങ്ങ് താമസിക്കുന്നത് എവിടെയായിരിക്കും?*

**ഈ** ചോദ്യത്തിൽ കുറെ ചോദ്യശരങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു. ചില തെറ്റായ ധാരണകളും നിലനിൽക്കുന്നു. അതുകൊണ്ട് അല്പം ദീർഘമായി മറുപടി പറയേണ്ടിയിരിക്കുന്നു. എന്റെ നിലപാടിനെ വ്യക്തമാക്കുവാനുള്ള അവസരം കൂടിയാണല്ലോ ഇത്.

ഞാനോ, മറ്റൊരാളോ തെരഞ്ഞെടുക്കപ്പെട്ടാലും പ.ബാവാ തിരുമേനിയെ കൂടെനിന്ന് സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ് ആ ആളിന്റെ ചുമതല. അതിന് ദേവലോകത്തു തന്നെ താമസിച്ചെങ്കിലെ മതിയാവുകയുള്ളു. അതുകൊണ്ട് ഞാനാണെങ്കിലും, മറ്റാരാണെങ്കിലും അതു തന്നെയാണ് ചെയ്യേണ്ടതെന്നാണ് എന്റെ ശക്തമായ അഭിപ്രായം. എന്നെയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ തീർച്ചയായിട്ടും എന്റെ താമസം ബാവാ തിരുമേനിയുടെ അനുമതിയോടുകൂടി ദേവലോകത്ത് തന്നെയായിരിക്കുമെന്ന് ഒരു ഉറപ്പ് തരുന്നതിന് എനിക്കു സന്തോഷമുണ്ട്.

*എന്തിനാണ് അങ്ങ് വിൻസർ കാസിലിൽ താമസിക്കുന്നത്?*

**അ**തിന്റെ ഉത്തരം ഇതാണ്. ഞാൻ അമേരിക്കയിൽ കോളജിൽ പഠിപ്പിക്കുകയും അതുപോലെയുള്ള മറ്റ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുകയും ചെയ്യുന്ന ഒരാളാണ്. ഞങ്ങളുടെ കോളജുകളിലും അമേരിക്കയിലെ എല്ലാ സ്ഥാപനങ്ങളിലും ഇപ്പോൾ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ കൊടുക്കുന്നതും അവർ ഉത്തരം എഴുതുന്നതുമെല്ലാം





കംപ്യൂട്ടർ വഴിയാണ്. പെൻസിലോ കടലാസോ ഉപയോഗിച്ചുള്ള രീതി അവിടെയില്ല. അങ്ങനെയുള്ള ഒരു ചുറ്റുപാടിൽ ഞാൻ പലപ്പോഴും കുട്ടികൾക്കു പരീക്ഷയ്ക്കുള്ള ചോദ്യമോ മറ്റു വിവരങ്ങളോ കംപ്യൂട്ടർ വഴി കൊടുത്തിട്ടായിരിക്കും ഇങ്ങോട്ടു വരുന്നത്. ഇവിടെ വരുമ്പോൾ അതൊക്കെ ഇവാലുവേറ്റ് ചെയ്യാനും ഗ്രേഡ് ചെയ്യാനും മാർക്കിടാനും കംപ്യൂട്ടറിൽ കൂടിയല്ലാതെ ഒക്കുകയില്ല. അങ്ങനെ ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഇപ്പോൾ ദേവലോകത്തോ പഴയസെമിനാരിയിലോ ഇല്ല. വിൻസർ കാസിലിലെ സ്റ്റാഫും അതുപോലെ തന്നെ എന്റെ വിദ്യാർത്ഥികൾ പലരും ഇന്ത്യയുടെ സംസ്കാരവും പാരമ്പര്യവുമൊക്കെ പഠിക്കുന്നതിനുവേണ്ടി ഇവിടെ വന്നു താമസിക്കാറുണ്ട്. അത് കോളജിന്റെ ഒരു പാഠ്യവിഷയമായിട്ടുണ്ടാക്കിയതാണ്. അവരും, എല്ലാവരും കൂടി ചേർന്നാണ് എന്റെ ഇവിടെയുള്ള കാര്യങ്ങളിൽ സഹായിക്കുന്നത്. അതിനുള്ള സാഹചര്യം വിൻസർ കാസിലിൽ ചെയ്തുതരുന്നുണ്ട്. അതാണ് ഒരു മുഖ്യകാരണം.

*ഒരു മെത്രാപ്പോലീത്ത വിൻസർ കാസിലിലാണോ താമസിക്കേണ്ടത്?*

**എ**ന്നെ തെരഞ്ഞെടുക്കുകയാണെങ്കിൽ ഇത്തരം രീതികൾ ദേവലോകത്തും പഴയസെമിനാരിയിലും ഉണ്ടാകും. അവിടെത്തന്നെ താമസിച്ച് ഈ കാര്യങ്ങളൊക്കെ ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകും.

ഞാനിപ്പോൾ വിൻസർ കാസിലിൽ താമസിക്കുന്ന മുറി പാത്രിയർക്കീസ് ബാവാ താമസിച്ചിരുന്നതാണ്. പാത്രിയർക്കീസ് ബാവാ കോട്ടയത്തു വരുമ്പോൾ വിൻസർ കാസിലിലല്ല താമസിക്കേണ്ടത്. അദ്ദേഹവും ദേവലോകത്തോ അങ്ങനെയുള്ള അരമനകളിലോ ആണ് താമസിക്കേണ്ടത്. പക്ഷെ, അവിടെയല്ല നമ്മൾ അദ്ദേഹത്തെ താമസിപ്പിക്കുന്നത്. സൗകര്യമുള്ള സ്ഥലത്തായിരിക്കും നമ്മൾ താമസിപ്പിക്കുന്നത്. അതുപോലെ റഷ്യയിൽ നിന്നുള്ള മെത്രാന്മാരു വരുമ്പോഴും, അർമേനിയൻ ബിഷപ്പുമാരു വരുമ്പോഴും ഒക്കെ നമ്മൾ താമസിപ്പിക്കുന്നത് കോട്ടയത്തുള്ള ഹോട്ടലുകളിലും അതുപോലെ തന്നെ തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിലോ ഒക്കെയായിരിക്കും. മാത്യൂസ് പ്രഥമൻ ബാവാതിരുമേനിയുടെ കാലത്ത് അവരോടൊപ്പം ഞാനും അവിടെ താമസിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് പള്ളിയില്ലെ. അവിടെ താമസിപ്പിക്കരുതോ എന്നു ചോദിക്കാം.

*ആധുനിക സംവിധാനങ്ങൾ ദേവലോകത്ത് ഉണ്ടാകണമെന്നുള്ളത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സഭയുടെ ഹെഡ്കോട്ടേഴ്സ് എന്ന നിലയിൽ അത്യാവശ്യമാണെന്നാണോ അങ്ങ് പറഞ്ഞുവരുന്നത്?*

**തീ**ർച്ചയായും ഉണ്ടാവണം. ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നാണത്. അമേരിക്കൻ സന്ദർശനവേളയിൽ ഞാൻ ദിദിമോസ് ബാവാതിരുമേനിയോട് ഇക്കാര്യം പറയുകയുണ്ടായി. ഇത്തരം സംവിധാനങ്ങൾ ദേവലോകത്ത് ഇല്ലായെന്നും അതുകൊണ്ട് അതിനു സൗകര്യമുള്ള സ്ഥലങ്ങളിൽ താമസിച്ച് കാര്യങ്ങളൊക്കെയുണ്ടെങ്കിൽ അങ്ങനെ ചെയ്യണമെന്ന് ബാവാ പറയുകയുണ്ടായി.

*പഴയ ചോദ്യത്തിലേക്ക് മടങ്ങുകയാണ്. തെരഞ്ഞെടുക്കപ്പെട്ടാൽ?*

**എ**ന്നെ തെരഞ്ഞെടുക്കുകയാണെങ്കിൽ ഒന്നാമത് ചെയ്യാൻ പോകുന്നത് ഈ സംവിധാനങ്ങൾ ഉള്ള ഓഫീസ് നിയുക്ത കാതോലിക്ക എന്നുള്ള നിലയിൽ ലഭിക്കുക എന്നുള്ളതാണ്. മറ്റു തിരുമേനിമാരും പാത്രിയർക്കീസ് ബാവായും ഒക്കെ താമസിക്കേണ്ട സ്ഥലമാണ് ദേവലോകം. നമ്മുടെ അതിഥികൾക്കു താമസിക്കുവാനുള്ള ഒരു സാഹചര്യം ദേവലോകത്ത് ഉണ്ടാകണം. സഭയുമായി ബന്ധപ്പെട്ടകാര്യങ്ങളിൽ പങ്കെടുക്കുവാൻ ഇന്ത്യൻ പ്രസിഡന്റു വന്നാലും അവർക്കും താമസിക്കുവാനുള്ള തരത്തിലുള്ള സംവിധാനം ദേവലോകത്ത് ഉണ്ടാകണം. കെ.ആർ.നാരായണൻ കോട്ടയത്ത് വന്നപ്പോൾ താമസിക്കുവാനുള്ള സൗകര്യമില്ലാത്തതിനാൽ ഗവൺമെന്റ് ഹൗസിനോട് ചേർന്ന് ഒരു കെട്ടിടം പണിയുകയുണ്ടായല്ലോ. പുതിയതായിട്ട് ഒന്നും ദേവലോകത്ത് ഉണ്ടാക്കേണ്ട കാര്യമില്ല. ഉള്ളത് ഒന്നു മെച്ചപ്പെടുത്തിയെടുത്താൽ മതി. എന്റെ ആധുനിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഒരു പശ്ചാത്തലത്തിനുവേണ്ടിയാണ് ഇങ്ങനെയുള്ള ഒരു സ്ഥലത്ത് താമസിക്കേണ്ടിവന്നത്. നാട്ടിലുള്ളപ്പോൾ അമേരിക്കയിലുള്ള ധാരാളം അതിഥികൾ വരാറുണ്ട്. അവരെ യഥോചിതം സ്വീകരിക്കുവാൻ കഴിയുന്നു. നമ്മുടെ സഭാംഗം തന്നെ നടത്തുന്ന ഒരു സ്ഥലം കൂടിയാണ് വിൻസർ കാസിൽ. പാത്രിയർക്കീസ് ബാവാ താമസിച്ച മുറിയാണ് അവർ എപ്പോഴും എനിക്ക് ക്രമപ്പെടുത്തി തരുന്നത്. ഒരു തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ഈ സംവിധാനമൊക്കെ മാറിയേ ഒക്കുകയുള്ളു. ദേവലോകത്തോ, പഴയസെമിനാരിയിലോ ബാവാതിരുമേനി ആവശ്യപ്പെടുന്നിടത്ത് താമ





സിക്കേണ്ടതാണ്. ഇപ്പോഴത്തെ സഭയുടെ സ്ഥിതിയിൽനിന്ന് ഉദ്ധരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി ബാവായ്ക്ക് കൈത്താങ്ങു നൽകേണ്ടത് പരമപ്രധാനമായ കാര്യമാണ്.

*കേസുകളിൽ കുടുങ്ങിയ സഭ ഇന്ന് പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണല്ലോ. സഭയുടെ ചരിത്രവും കേസിന്റെ ഗതിയും സുനിശ്ചിതമായി അറിയാവുന്ന അങ്ങയെപ്പോലെയുള്ള ഒരാളെ നേതൃസ്ഥാനത്തേക്ക് പ്രതീക്ഷിക്കാമോ?*

**സ**ഭയുടെ പ്രതിസന്ധി ഘട്ടങ്ങളിലൊക്കെ, ആവശ്യപ്പെട്ടപ്പോഴും, അല്ലാതെയും ഞാൻ വന്നിട്ടുണ്ട്. ഈ പറഞ്ഞതിന്റെ അർത്ഥം ഞാൻ കാതോലിക്കയാകണമെന്നല്ല, ആയാൽ ഒട്ടും കുഴപ്പവുമില്ല.

*യാത്രാവേളകളിൽ പ്രാർത്ഥനയ്ക്കായി സമയം കണ്ടെത്തുന്നത് എങ്ങനെയാണ്?*

**യാ**ത്രാവേളകളിൽ പ്രാർത്ഥനയ്ക്കായി സമയം കണ്ടെത്തുകയെന്നുള്ളതാണ് അമേരിക്കൻ ജീവിതത്തിലുള്ള ഏറ്റവും വലിയ ഒരു വെല്ലുവിളിയായി ഞാനെടുത്തിട്ടുള്ളത്. യാമപ്രാർത്ഥനകളിൽ വിടവുണ്ടാകാതിരിക്കാൻ വളരെയധികം ശ്രമിക്കുന്നുണ്ട്. യാത്രയ്ക്കിടയിൽ പ്രാർത്ഥന എവിടെയാണ് മുടങ്ങിയത് അവിടം മുതലുള്ള പ്രാർത്ഥനകൾ നിവൃത്തിയുള്ളിടത്തോളം പൂർത്തീകരിക്കാൻ ശ്രമിക്കാറുണ്ട്.

*ഇത് ഒരു വെല്ലുവിളിയായി സ്വീകരിച്ചത് കാലം ചെയ്ത മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയിൽനിന്നുമാണല്ലോ?*

**ഞാ**നും അദ്ദേഹവും ഒരുമിച്ചു താമസിച്ച സമയത്ത് ചിലപ്പോഴൊക്കെ അദ്ദേഹം പുറത്തായിരിക്കും. തിരിച്ചുവരുമ്പോൾ എവിടം മുതൽ പ്രാർത്ഥന മുടങ്ങിയോ അവിടം മുതലുള്ള പ്രാർത്ഥന ചൊല്ലുമായിരുന്നു. ഉദാഹരണം പറഞ്ഞാൽ ബുധനാഴ്ച യാത്ര ചെയ്തു വെള്ളിയാഴ്ചയാണ് തിരിച്ചുവരുന്നതെങ്കിൽ, ആദ്യം ബുധനാഴ്ചത്തെ പ്രാർത്ഥന നടത്തും. മുടങ്ങിയതുവരെയുള്ള പ്രാർത്ഥന നടത്തും. അത്രയൊന്നും എനിക്കു ചെയ്യാൻ സാധിച്ചിട്ടില്ല. അതൊരു വലിയ മാർഗ്ഗദർശകമായിട്ട് എനിക്കുവന്നിട്ടുണ്ട്. ആദ്യം മുതൽ തുടങ്ങണോ എന്ന് ഒരു സന്ദർഭത്തിൽ ഞാൻ അദ്ദേഹത്തോടു ചോദി

ച്ചപ്പോൾ പറഞ്ഞ മറുപടി, യാമപ്രാർത്ഥനകൾ കോട്ടയാണ്. അതിനകത്ത് എവിടെയെങ്കിലും ഒരു വിടവു വന്നാൽ സാത്താൻ കയറും. അതുകൊണ്ട് ആ വിടവ് അടച്ചടച്ച് പോകണം നമ്മൾ എന്നു പറയുമായിരുന്നു. കൊച്ചു കൊച്ചു കാര്യങ്ങളാണ് ഇവർ പറയുന്നതെങ്കിലും ജീവിതത്തെ കരുപ്പിടിപ്പിച്ച വലിയ തത്വസംഹിതകളായിട്ട് എന്റെ മനസ്സിൽ വന്നിട്ടുണ്ട്. ഇതാണ് ഞാൻ ശീലിച്ചിരിക്കുന്ന ഒരു ശൈലി. അത് പൂർണ്ണമായിട്ട് ചെയ്യുവാൻ കഴിഞ്ഞുവെന്ന് ഞാനഭിമാനിക്കുന്നില്ല.

*കാതോലിക്കേറ്റിന്റെ കൂടെപ്പിറപ്പാണല്ലോ കോടതി വ്യവഹാരം. ശതാബ്ദിയോടുകൂടി അതിനൊരു അവസാനം പ്രതീക്ഷിക്കാമോ?*

**ഇ**തിനു പരിഹാരം ഉണ്ടായിക്കഴിഞ്ഞതാണ്. അത് അംഗീകരിക്കാത്തതിന്റെ ബുദ്ധിമുട്ടുകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കാതോലിക്കേറ്റിന്റെ തുടക്കത്തിൽ ഉണ്ടായിട്ടുള്ള തർക്കവിഷയങ്ങളുണ്ട്. മലങ്കരസഭ ഒരു ഭരണഘടന സ്വീകരിച്ചതുകൊണ്ട് കാതോലിക്ക ഭാഗം സഭയ്ക്ക് ഇതരരായി തീർന്നു. കാതോലിക്കായെ വാഴിച്ചതുമൂലം പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിച്ചു എന്നു വരുന്നതുകൊണ്ട് ഈ സഭ ഇതരരായി തീർന്നു; വട്ടശേരിൽ തിരുമേനിയെ മുടക്കിയതുകൊണ്ട് ഇത് ഒരു മുടക്കപ്പെട്ട വിഭാഗമായി– ഇങ്ങനെയുള്ള മൂന്നാലു കൂട്ടം കാര്യങ്ങളാണ് ഇതിൽ നിർണ്ണായകമായിട്ടുള്ള വിഷയങ്ങൾ. ആ വിഷയങ്ങൾ കോടതിവിധികൊണ്ട് മുഴുവനും കാതോലിക്ക ഭാഗത്തിന് അനുകൂലമായി. ഭരണഘടന ശരിയാണെന്നും ഭരണഘടന വിളിച്ചുകൂട്ടിയ ആളുകൾക്ക് അതിന് അധികാരമുള്ളവരാണെന്നും കാതോലിക്കേറ്റ് സ്ഥാപനം നിയമപരമായിട്ടും അല്ലാതെയും ശരിയായ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളതാണെന്നുമുള്ള വിധികൾ വന്നുകഴിഞ്ഞു. ഇതിൽ ഒരൊറ്റ വിഷയം പോലും തീരുമാനിക്കാതെ അവശേഷിക്കുന്നില്ല. വാസ്തവം പറഞ്ഞാൽ കേസ് 1995ഓടുകൂടി തീർന്നു. പ്രശ്നങ്ങളും തീർന്നതാണ്. 1958ൽ സുപ്രീം കോടതി വിധി ഉണ്ടായപ്പോൾ മലങ്കര സഭയുടെ ഭരണഘടന ശരിയാണെന്ന് വ്യക്തമായിട്ട് അതിൽ പറയാതെ ആ ഭരണഘടന ഉണ്ടായതിനു വിളിച്ചുകൂട്ടിയ യോഗം ശരിയാണോ തെറ്റാണോ എന്നതായിരുന്നു അന്നത്തെ വലിയ വിഷയം. അതിനു ബദലായി പാത്രിയർക്കീസ് കക്ഷിക്കാർ യോഗം കൂടിയെങ്കിലും





1934ൽ എം.ഡി.സെമിനാരിയിൽ വിളിച്ചുകൂട്ടിയ യോഗമാണ് ശരിയായിരുന്നുവെന്നുള്ള അന്തിമവിധി 58ലുണ്ടായി. അതോടെ ഭരണഘടനയ്ക്കും അംഗീകാരമായി. എന്നാൽ 95 വന്നപ്പോൾ ഭരണഘടന അനുസരിച്ചു കൊള്ളണം, 34ലെ ഭരണഘടനയാണ് ശരിയായിട്ടുള്ളത് എന്നുള്ള വിധിയുമുണ്ടായി. കാതോലിക്കേറ്റും ഭരണഘടനയും അംഗീകരിച്ചുകൊണ്ടുള്ള വിധികൾ ഉണ്ടായപ്പോഴേയ്ക്കും കേസുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും തീർപ്പായി. ഇപ്പോഴുള്ളത് പ്രാദേശികമായ വിഷയങ്ങളാണ്. 1951ൽ വിധിയുണ്ടായപ്പോൾ പഴയസെമിനാരിയിൽനിന്നും ഞാൻ ഇറങ്ങി ഓടിയവനാണ്. ഭരണഘടന അംഗീകരിക്കാത്ത ചുരുക്കം ചില പള്ളികൾ ഉണ്ട്. അവരെ തെറ്റിദ്ധരിപ്പിച്ച് കൊണ്ടുപോകുന്നുണ്ട്. അങ്ങനെയുള്ള പ്രാദേശികവിഷയങ്ങളല്ലാതെ മൊത്തത്തിലുള്ള ഒരു വിഷയവും ഇല്ലായെന്നു പറയാം. 1995ലെ കോടതിയുടെ അന്തിമവിധി നടപ്പിലാക്കിത്തരിക എന്നതാണ് ഗവൺമെന്റിന്റെ ചുമതല.

*പ്രസംഗത്തിലും പ്രഭാഷണത്തിലുമെല്ലാം വൈദീകർക്ക് പ്രാമുഖ്യം നൽകുന്ന ഒരു ശൈലിയാണ് അങ്ങ് സ്വീകരിച്ചുവരുന്നത്. വട്ടശ്ശേരി തിരുമേനിയും വൈദീകർക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു. ആത്മീയ ഗുരുവിൽ നിന്നും ആർജ്ജിച്ച സിദ്ധിയായിട്ടാണോ ഇതിനെ കണക്കാക്കേണ്ടത്?*

**ഇ**തിന്റെ രണ്ടിന്റേയും കൂടിയുള്ളതാണെന്നു ഞാൻ പറയും. കുറിച്ചി ബാവായും വട്ടക്കുന്നേൽ തിരുമേനിയുമൊക്കെ അച്ചന്മാരോടു കാട്ടിയിട്ടുള്ള മനസ്സലിവു ഞാൻ കണ്ടിട്ടുണ്ട്. കുറിച്ചി ബാവായുടെ മുന്നിൽ ഒരച്ചൻ വന്ന് കരയുന്നത് ഞാൻ ഒരിക്കൽ കണ്ടു. ഉപേക്ഷിക്കപ്പെട്ടുപോയവളെ കല്യാണം കഴിപ്പിച്ചുകൊടുത്തു. കാശും വാങ്ങിച്ചു. എടോ നരകത്തിൽ എത്ര ഏക്കർ സമ്പാദിച്ചുവെന്നു തനിക്കറിയാമോ എന്നു കുറിച്ചി ബാവാ അദ്ദേഹത്തോടു ചോദിക്കുന്നത് ഞാൻ കേട്ടു.

അറിയാതെ ചെയ്തുപോയതാണ്. കുഞ്ഞുങ്ങളെ പട്ടിണിയിടരുതേ തിരുമേനി. തിരുമേനിയുടെ മനസ്സലിഞ്ഞു. താൻ പോയി കുമ്പസാരിച്ചു കുർബാന കൊള്ളണം എന്നു പറഞ്ഞുവിട്ടു. വട്ടക്കുന്നേൽ തിരുമേനിക്ക് അത് വളരെയുണ്ടായിരുന്നു. വട്ടക്കുന്നേൽ തിരുമേനിയുമായി ബന്ധപ്പെട്ട ഒരു സംഭവം ഓർമ്മവരുന്നു. ഒരു കല്യാണ

ത്തിനുപോകണം. ഞങ്ങൾ തിരുവല്ലായിലിറങ്ങി. അദ്ദേഹത്തിന് ഡ്രസ് മാറണം. ഇത്ര കഷ്ടപ്പെടേണ്ട കാര്യമുണ്ടോ. ഞങ്ങളൊക്കെ നടത്തിക്കൊടുക്കുമല്ലോ. അപ്പോൾ തിരുമേനി പറയും. അയാൾ എന്റെ കൂടെ നിന്നതാ. ഒരുപാടു പ്രയാസപ്പെട്ടിട്ടുണ്ട്. അയാൾക്ക് ഒരാവശ്യം വന്നപ്പോൾ ചെയ്തുകൊടുക്കുന്നത് അയാൾക്കൊരു സന്തോഷമായിരിക്കും. ഒപ്പം നിന്ന് കഷ്ടപ്പെട്ടവരെ മറക്കാൻ പാടില്ല. ആ മനസ്സലിവ് അദ്ദേഹത്തിൽ നിന്നും പഠിച്ചു. പിന്നെ നാം പൗരോഹിത്യം എന്നു പറയുമ്പോൾ, ഒരു വിദ്യാലയത്തിന്റെ വിജയമെന്നു പറയുന്നത് അവിടുത്തെ അദ്ധ്യാപകരെ സംബന്ധിച്ചാണ് എന്നു പറയുന്നതുപോലെ, ഒരു സഭയുടെ പ്രവർത്തനത്തിന്റെയും പ്രവർത്തനശൈലിയുടെയും വിജയം വൈദികരിലാണ്. ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിൽ അവർക്കുള്ള പങ്ക് വലിയതാണ്. വൈദികരുടെ നിലപാടും സേവനവും അവർ സഭയോടുള്ള വിധേയത്വവും വളരെയധികം കണക്കിലെടുക്കേണ്ട കാര്യങ്ങളാണ്. അവർക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിലേ കാര്യങ്ങൾ ചെയ്യാവൂ എന്നതാണ് എന്റെ അഭിപ്രായം.

*ഓർത്തഡോക്സ് സഭ നേരിടുന്ന വെല്ലുവിളി പാത്രിയർക്കീസുമായിട്ടുള്ളതാണല്ലോ. ഭരണഘടനയുടെ തുടക്കത്തിൽ പറയുന്ന ആത്മീയവിധേയത്വം നീക്കി സഭ ഇന്ത്യൻ ഓർത്തഡോക്സ് സഭയാകുന്നതോടുകൂടി ശാശ്വതമായ ഒരു പരിഹാരം ഉണ്ടാവില്ലേ?*

**ആ**ത്മീയവിധേയത്വം എന്ന് ഭരണഘടനയിൽ പറയുന്നില്ല. എനിക്ക് കുറിച്ചി ബാവായോട് ആത്മീയമായ ഒരു വിധേയത്വമുണ്ടെന്നു പറഞ്ഞാൽ അതു ശരിയാണ്. ടെക്നിക്കലായിട്ട്, ഭരണഘടനാപരമായി നമുക്ക് പാത്രിയർക്കീസിനോട് ഒരുതരത്തിലുള്ള വിധേയത്വവുമില്ല. ധാർമ്മികമായിട്ടും, ആരാധനാസംബന്ധമായിട്ടുമൊക്കെ ഉണ്ടുതാനും. അതു പോകണമെങ്കിൽ ഞാൻ പറയാറുള്ളതുപോലെ സമന്മാരിൽ മുമ്പൻ എന്നുള്ളതാണ് നമ്മുടെ നിലപാട്. അദ്ദേഹം പ്രധാന മേലദ്ധ്യക്ഷനാണ്. അതിന്റെ ഇംപ്ലിക്കേഷൻ എന്താണെന്നു ചോദിച്ചാൽ കാന്റർബറി ആർച്ച് ബിഷപ്പ് ആംഗ്ലിക്കൻ കമ്മ്യൂണിറ്റിയുടെ പ്രൈമേറ്റാണ്. കോൺസ്റ്റാന്റിനോപ്പിൾ പേട്രിയർക്ക് കോൺസ്റ്റാന്റിനോപ്പിൾ സഭയുടെയെല്ലാം പ്രൈമേറ്റാണ്. പക്ഷെ, അവർക്കാർക്കും ലോക്കൽ സഭകളുടെ മേൽ പരമാധികാരമില്ല. എന്നാൽ എല്ലാവരും കൂടുമ്പോൾ മൂത്ത സഹോദരൻ എന്നുള്ള നിലയിൽ





ബഹുമാനിക്കുകയും മുഖ്യസ്ഥാനത്ത് ഇരിക്കുവാനും നാം അനുവദിക്കാറുണ്ട്. അതിൽ കൂടുതലും നമ്മൾ അന്ത്യോഖ്യാ പാത്രിയർക്കീസിന് കൊടുത്തിട്ടുണ്ട്. രണ്ടുകാര്യത്തിൽ നമ്മൾ ഒരവകാശം വച്ചിട്ടുണ്ട്. കാതോലിക്കായെ വാഴിക്കുമ്പോൾ അദ്ദേഹം ക്ഷണിക്കപ്പെടേണ്ടതാണ്. വരികയാണെങ്കിൽ മലങ്കര സുന്നഹദോസ് കാതോലിക്കായെ വാഴിക്കുമ്പോൾ അതിന്റെ കർമ്മങ്ങളിൽ അദ്ദേഹം നേതൃത്വം നൽകണം. സുന്നഹദോസാണ് വാഴിക്കുന്നതെന്നുള്ള കാര്യം നാം മറന്നുപോകരുത്. അദ്ദേഹം വരുന്നത് സുന്നഹദോസിന്റെ ഒരു പ്രിസൈഡിംഗ് ഓഫീസർ എന്ന നിലയിലാണ്. നാം അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടു ചെയ്യുന്നതാണ്. അല്ലാതെ അതു ചെയ്യുവാനുള്ള അധികാരം അദ്ദേഹത്തിനുണ്ടായിട്ടല്ല. അതുപോലെ കാതോലിക്കായെപ്പറ്റി വല്ല പരാതിയുമുണ്ടെങ്കിൽ അത് ചിന്തിക്കേണ്ടതാണെന്നും മലങ്കര സുന്നഹദോസിന് ബോദ്ധ്യപ്പെട്ടാൽ അദ്ദേഹത്തെ ക്ഷണിക്കണം, അത് അനുസരിച്ച് അദ്ദേഹം വരികയാണെങ്കിൽ ആ സുന്നഹദോസിൽ അദ്ദേഹം അദ്ധ്യക്ഷത വഹിക്കണം. അതിലുണ്ടാകുന്ന തീരുമാനം പ്രഖ്യാപിക്കുവാനുള്ള അവകാശവും നാം കൊടുത്തിട്ടുണ്ട്. ആംഗ്ലിക്കൻ സഭയിലും മറ്റ് ഓർത്തഡോക്സ് സഭകളിലുമുള്ളതിനേക്കാൾ കൂടുതൽ പദവിയും അവകാശവും നാം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് തൃപ്തരാകാതെവരുന്നതുകൊണ്ടാണ് ഈ പ്രശ്നങ്ങളൊക്കെയുണ്ടായത്. വട്ടശ്ശേരിൽ തിരുമേനി എടുത്തതുപോലെയുള്ള ഒരു നിലപാട് നാം എടുക്കുകയല്ലാതെ അത് ദേശീയസഭയാണെന്നു പറഞ്ഞതുകൊണ്ടുമാത്രം പരിഹാരമാകുമെന്ന് എനിക്കു തോന്നുന്നില്ല. ആളുകളുടെ മനസ്സിൽ ഇത്തരം ഒരു ചിന്താഗതി കടത്തിവിട്ടതാണ്. വടക്കൊന്നും ചെന്നു ഇങ്ങനെ പറഞ്ഞാൽ അവർക്കിതൊന്നും മനസ്സിലാകണമെന്നില്ല.

*58-ൽ തുടങ്ങി സഭയുടെ എല്ലാ കേസുകളിലും പ്രതിസന്ധികളിലും അങ്ങ് അതിന്റെ വിജയത്തിനു പിന്നിലെ പ്രയത്നശാലിയായിരുന്നുവല്ലോ. എന്നാൽ സാധാരണ വിശ്വാസികൾക്ക് ഇത്തരമൊരു അറിവ് കുറവാണുതാനും. ഇതിനെക്കുറിച്ച് എന്തു പറയുന്നു?*

**പ**രാജയമെന്ന വാക്ക് ഉപയോഗിക്കുവാൻ പാടുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. ജീവിതത്തിൽനിന്നു പഠിച്ചതും ചരിത്രത്തിൽ നിന്നു പഠിച്ചതുമായ ഒരു പാഠം, എന്തെങ്കിലും സംഭാവനകൾ നൽകിയെന്ന തോന്നൽ ഉണ്ടാവരുതെന്ന തത്ത്വം കർത്താവിന്റേതായിരുന്നു. നിങ്ങ

ളെത്തന്നെ അപ്രയോജന ഭൃത്യന്മാരായി കണക്കാക്കണമെന്ന ചിന്ത. ഈ ഫിലോസഫിയാണ് പൊതുവേദിയിൽ പാലിക്കുവാൻ ഇപ്പോൾ ഞാൻ ശീലിച്ചിട്ടുള്ളത്. പണ്ടൊക്കെ എന്തെങ്കിലും ചെയ്തുവെന്ന തോന്നൽ ഉണ്ടാകുമായിരുന്നു. അന്ന് കുറേക്കൂടി ചെറുപ്പമായിരുന്നു. മനസ്സും ചെറുതായിരുന്നു. കേസ് വിജയിച്ചുകഴിഞ്ഞപ്പോൾ സ്വാഭാവികമായി ഉണ്ടാകുന്ന ഒരു അഹംഭാവമുണ്ടല്ലോ. എന്റെ ശ്രമത്തെ അംഗീകരിച്ചവരും ആദരിച്ചവരുമുണ്ടായിരുന്നു. സഭ ഒരിക്കലും അച്ചനെ മറക്കുകയില്ലായെന്ന് അന്നൊക്കെ ഡൽഹിയിലുള്ള ഭദ്രാസനത്തിലെ പ്രമുഖർ പറയുമായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ അതിനൊക്കെ മാറ്റം ഉണ്ടായി. അത് കാലാനുസൃതവും മാനുഷികവുമാണെന്നു മനസ്സിലാക്കാൻ വലിയ പ്രയാസമില്ലല്ലോ.

*തെക്കുനിന്ന് തിരുമേനിമാർ വല്ലപ്പോഴും ഇങ്ങനെ വന്നിരുന്നുവെങ്കിൽ സഭാതർക്കത്തിന് ഇത്ര മൂർച്ച വരില്ലായിരുന്നു എന്ന് പാത്രിയർക്കീസിലെ ദിവന്നാസ്യോസ് തിരുമേനി അങ്ങയോട് പറഞ്ഞതായിട്ട് കേട്ടിട്ടുണ്ട്. അതിനെക്കുറിച്ച്?*

**വ**ടക്കൻപ്രദേശങ്ങളിലെ മിക്കവാറും എല്ലാ പള്ളികളിലും ഞാൻ പോകുമായിരുന്നു. ആരും എന്നെ തടഞ്ഞിട്ടില്ല. അവരുടെ പള്ളികൾ പിടിച്ചെടുക്കുവാനല്ലാ എന്ന് അവർക്കു ബോദ്ധ്യമുള്ളതുകൊണ്ടായിരിക്കാം. അവർക്ക് എന്നോട് വലിയ കാര്യമായിരുന്നു. അടുത്തകാലത്ത് ഞാൻ മുളന്തുരുത്തി പള്ളിയിൽ പോയി. പെരുമ്പള്ളി ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്യുന്നതിന് തൊട്ടുമുമ്പായിരുന്നു അത്. അവിടെ ചെന്ന് പ്രാർത്ഥിക്കണമെന്ന് ബാവാ പറഞ്ഞപ്പോൾ അവർ അതിനു അനുവദിച്ചില്ല. ഞാൻ പള്ളിയിൽപോയി. ലുത്തിനയൊക്കെ ചൊല്ലി. ആരും ഒന്നും ചോദിച്ചില്ല. കുറച്ചുകഴിഞ്ഞപ്പോൾ അച്ചന്മാർവന്നു. തിരുമേനി എവിടെയാ കിടക്കുന്നതെന്നു ചോദിച്ചു. മുറി കാണിച്ചുതന്നു. ഞാൻ പോയി തിരുമേനിയുടെ കട്ടിലിൽ ഇരുന്നു. കുറച്ചുനേരം സംസാരിച്ചു. ഞാൻ പോകാറായപ്പോൾ എന്നോടു പ്രാർത്ഥിക്കുവാൻ പറഞ്ഞു. ഞാൻ വീണ്ടും കട്ടിലിൽ ഇരുന്നു. കൈക്കുപിടിച്ചു പ്രാർത്ഥിച്ചു. അതുകഴിഞ്ഞപ്പോൾ എന്നോട് അദ്ദേഹം പറഞ്ഞു. കൈക്കുപിടിച്ചാണോ പ്രാർത്ഥിക്കുന്നത്? തലയ്ക്കു പിടിച്ചു പ്രാർത്ഥിക്കാൻ പറഞ്ഞു. ഞാൻ പ്രാർത്ഥിച്ചു. അദ്ദേഹം കരഞ്ഞു. ഞാനും കരഞ്ഞു. ശെമ്മാശന്മാരെ വിളിച്ചു പറഞ്ഞു. കാപ്പി കൊടുത്തേ വിടാവൂ. ഞാൻ കാപ്പികുടിയ്ക്കുവാനായി





പോയപ്പോൾ വീണ്ടും വിളിപ്പിച്ചു. ഒന്നുകൂടി പ്രാർത്ഥിക്കുവാൻ പറഞ്ഞു. ഞാൻ പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ അനുമതിയോടുകൂടി ഞാൻ മുളംതുരുത്തി പള്ളിയിൽ പോയി. വലിയ നോമ്പിന്റെ ഒന്നാം ദിവസമായിരുന്നു അത്. ഞാൻ പള്ളിയിൽ കയറി. ലുത്തിനായൊക്കെ നടത്തി. ആളുകൾ വന്ന് കൈമുത്തി. ഞാൻ കുറച്ചു ഗുണദോഷമൊക്കെ പറഞ്ഞു. നൊയമ്പു കാലമല്ലേ. വഴക്കൊന്നും കൂടാതെ ഒക്കെ കഴിയണമെന്നൊക്കെ പറഞ്ഞു. തിരുമേനിമാരുടെ കൂടെ നിൽക്കുന്ന അച്ചന്മാരുമൊക്കെയുണ്ട്, വഴക്കിൽ അവരോടുകൂടിയൊക്കെ പറയണമെന്നുമൊക്കെ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞു. അതു കഴിഞ്ഞ് ഞാൻ കോതമംഗലത്തുള്ള വലിയപള്ളിയിൽ പോയി. അവിടെയും ആളുകൾ വന്നു കൈമുത്തി. ഇതിനിടയിൽ അച്ചൻ വന്നു. തിരുമേനി എന്തിനാ ഇവിടെ വന്നത്. അച്ചനു സംശയം. ദിവന്നാസ്യോസ് തിരുമേനി ഉണ്ടെന്നു കരുതിയാ ഞാൻ വന്നത്. തിരുമേനി അടുത്തുള്ള അരമനയിലാണെന്ന് അറിഞ്ഞു. ഞാൻ വിളിപ്പിച്ചു. അങ്ങോട്ടു വരണമെങ്കിൽ വരാം. അല്ലാ ഇങ്ങോട്ടുവരുന്നെങ്കിൽ അതുമാകാം എന്നു പറഞ്ഞയച്ചു. അങ്ങനെ തിരുമേനിയെ കണ്ടു. സംസാരിച്ചു. കാപ്പിയൊക്കെ തന്നു, പ്രാർത്ഥിച്ചു, പോന്നു. അങ്ങനെയുള്ള ഒരു സൗഹൃദസന്ദർശനം നമുക്കില്ല. അതൊരു വലിയ പോരായ്മയാണ്. തെക്കുനിന്ന് തിരുമേനിമാർ വല്ലപ്പോഴും ഇങ്ങനെ വന്നിരുന്നുവെങ്കിൽ സഭാതർക്കത്തിന് ഇത്ര മൂർച്ച വരില്ലായിരുന്നു എന്ന് ദിവന്നാസ്യോസ് തിരുമേനി പറയുമായിരുന്നു.

*മലങ്കരയിലെ കാതോലിക്കാ സിംഹാസനത്തെപ്പറ്റി?*

**1912**ൽ കാതോലിക്കസിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിതമായി. ആദ്യത്തെ രണ്ടു കാതോലിക്കാമാരുടെ കാലത്ത് മലങ്കര മെത്രാപ്പോലീത്താസ്ഥാനം പ്രത്യേകമുണ്ടായിരുന്നു. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് ആയിരുന്നു അന്നത്തെ മലങ്കര മെത്രാപ്പോലീത്ത. വട്ടശ്ശേരിൽ തിരുമേനിക്കുശേഷം മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കയും ഒരാൾതന്നെയായിരുന്നു. 1934ലെ അസോസിയേഷനാണ് അപ്രകാരം തീരുമാനിച്ചത്. അന്ന് കാതോലിക്കയായിരുന്ന ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ അപ്രകാരം കാതോലിക്കാ-മലങ്കരമെത്രാപ്പോലീത്തയായി. മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ കാതോലിക്കാ സിംഹാസനവും, അദ്ദേ

ഹത്തിന്റെ മലങ്കര മെത്രാപ്പോലീത്താ സിംഹാസനവും അങ്ങിനെ അന്യോന്യം ലയിച്ചു ഒന്നായിത്തീർന്നു. അന്നു മുതലാണ് മാർത്തോമ്മാ സിംഹാസനത്തെ മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യസിംഹാസനമെന്നും കാതോലിക്കാസിംഹാസനമെന്നും ശ്ലൈഹിക സിംഹാസനമെന്നും മറ്റും പറഞ്ഞുവരുന്നത്.

*'മാർത്തോമ്മാ സിംഹാസനം നവീനസൃഷ്ടിയോ' എന്ന കൃതിയുടെ രചനാ പശ്ചാത്തലമെന്താണ്?*

**1972**ലാണ് ഈ കൃതി പ്രസിദ്ധീകരിക്കുന്നത്. ഈ കൃതി രചിക്കുവാനുണ്ടായ പ്രധാനപ്പെട്ട കാരണം യാക്കോബ് ദ്വിതീയൻ ബാവായുടെ 203-ാം നമ്പർ കല്പനയിൽ മാർത്തോമ്മാ ശ്ലീഹായ്ക്കു സിംഹാസനമോ പട്ടത്വമോ ഇല്ലെന്നു പറഞ്ഞിരുന്നു. ആ കല്പന ഇവിടെ പാത്രിയർക്കീസ് കക്ഷി വലിയ പ്രാധാന്യത്തോടെ പ്രചരിപ്പിച്ചു. നമ്മുടെ ആളുകൾ ഇതിന്റെ സത്യാവസ്ഥ അറിയുവാൻ താല്പര്യം കാണിക്കുകയും ചെയ്തപ്പോൾ ആ പശ്ചാത്തലത്തിലാണ് ഈ പരിശ്രമത്തിനു തുടക്കമിട്ടത്. അന്ന് വട്ടക്കുന്നേൽ തിരുമേനി എന്നെ വിളിച്ചു ചോദിച്ചു. അച്ചന് ഇതൊന്നു നോക്കാമോയെന്ന്. തിരുമേനിയുടെ സഹായവും എനിക്കുണ്ടായി. പല പള്ളികളിൽ പോകുകയും രേഖകൾ നോക്കുകയും ഒക്കെ ചെയ്തു. ഒരു പാത്രിയർക്കീസ് പള്ളിയിൽ പോയത് ഞാനിപ്പോഴും ഓർക്കുന്നുണ്ട്. മൂവാറ്റുപുഴയ്ക്കു പടിഞ്ഞാറുള്ള ഒരു പള്ളിയിൽ മദ്ബഹായുടെ കിഴക്കേഭിത്തിയിൽ മാർത്തോമ്മായുടെ സിംഹാസനത്തിൽ വാണരുളുന്ന മെത്രാപ്പോലീത്തയെക്കുറിച്ചുള്ള ഒരു പരാമർശം കൊത്തിവച്ചിട്ടുണ്ട്. അതിന്റെ ഒരു പടമെടുക്കണമെന്ന് മനസ്സിൽ ഉണ്ട്. അവരുടെ പള്ളിയല്ലേ. അതിനവർ സമ്മതിക്കുമോ. എന്റെ കൂടെ അമേരിക്കയിൽ നിന്നും ഒരു അതിഥി ഉണ്ടായിരുന്നു. പണ്ഡിതനായ ഒരു സായിപ്പ്. ഞാൻ ഈ വിവരം അദ്ദേഹത്തിനോടു പറഞ്ഞു. അദ്ദേഹത്തിനും എന്നോടൊപ്പം കൂടിയാൽ കൊള്ളാമെന്നുണ്ട്. അവിടുത്തെ സ്ഥിതി വഷളാണെന്ന് ഞാൻ പറഞ്ഞു. പള്ളികാണണമെന്ന ആഗ്രഹത്തിൽ അദ്ദേഹവും എന്നോടൊപ്പം കൂടി. അവിടുത്തെ അച്ചൻ കുറച്ച് അനുഭാവം ഉള്ളവനായിരുന്നു. ഏതാണ്ട് നാലു മണിയോടു കൂടിയാണ് ഞങ്ങൾ അവിടെ ചെല്ലുന്നത്. അപ്പോൾ ആ അച്ചൻ അവിടെ ഉണ്ടായിരുന്നില്ല. അവിടെയുള്ളവരുടെ അനുമതിയോടു





കൂടി ഞങ്ങൾ പള്ളിയിൽ കയറി. ഇതിനിടയിൽ സായിപ്പ് മദ്ബഹായുടെ കിഴക്കേ ഭിത്തിയിലെ ലിഖിതം ഫോട്ടായിലാക്കി വന്നു. പിള്ളാരുടെയും കപ്യാരുടെയും ഒക്കെ പടമെടുത്തു. അതൊരു സാധാരണസംഭവമാക്കി മാറ്റി. ഞാൻ മൂവാറ്റുപുഴയിൽ ശ്രേഷ്ഠകാതോലിക്ക ബാവാ പീലക്സിനോസ് തിരുമേനിയുടെ അരമനയിലും പോയി. ഞാൻ പോകുവാൻ ഉദ്ദേശിക്കുന്ന പള്ളിയുടെ പേരുകൾ അദ്ദേഹത്തോടു പറഞ്ഞു. അവിടെ പോകുന്നതിൽ ഒരു തടസവുമില്ലായെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയാണ് ഈ കൃതി ഉണ്ടാകുന്നത്. വട്ടക്കുന്നേൽ തിരുമേനിയുടെ വലിയ സഹായം ഇതിനുണ്ടായിട്ടുണ്ട്. അതുകൊണ്ട് അങ്ങയുടെ പേരിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ വിരോധമില്ലല്ലോ എന്നു ചോദിച്ചു. അന്നത്തെ സാഹചര്യത്തിൽ എന്റെ പേരിൽ വരാതിരിക്കുകയാണ് നല്ലതെന്ന് അദ്ദേഹം ഉപദേശിച്ചു.

കാതോലിക്ക സ്ഥാപനം മലങ്കരയിൽ പുനഃസ്ഥാപിക്കുന്നതിനു സഹകരിച്ച അബ്ദൽ മ്ശിഹാ ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ കല്പനകളിലും മലങ്കര മാർത്തോമ്മാശ്ലീഹായുടെ ഇടവകയാണെന്നും ഇവിടെയുള്ളത് മാർത്തോമ്മായുടെ സിംഹാസനമാണെന്നും പ്രഖ്യാപിക്കുന്നുണ്ട്. 1910ൽ മെദിയാത്തിലെ മാർ ശർബീൻ ദയറായിൽനിന്നും അയച്ചിട്ടുള്ള കല്പന, 1912ൽ ചിങ്ങം 17ന് പരുമല സെഹിയോൻ പള്ളിയിൽ നിന്നും അയച്ചിട്ടുള്ള കല്പന, 1912 കന്നി 2ന് നിരണം പള്ളിയിൽ നിന്നും കാതോലിക്കാ സിംഹാസനം ഇവിടെ സ്ഥാപിച്ചുകൊണ്ട് അയച്ചിട്ടുള്ള കല്പന ഇതെല്ലാം ഇതിന് തെളിവു നൽകുന്നുണ്ട്. ഇങ്ങനെ കുറെ തെളിവുകൾ ആ കൃതിയിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ആ കൃതിയ്ക്ക് ഇന്നും പ്രാധാന്യമുണ്ടെന്നു കരുതുന്നു.

*ഭാരതത്തിലെ മിഷൻ എന്നു പറയുന്നത് ഒന്നുകിൽ മറ്റു മതങ്ങളിൽനിന്നുള്ള പരിവർത്തനമാണ്. അല്ലെങ്കിൽ ഇല്ലാത്തവനെ സാമ്പത്തികമായി സഹായിക്കുക എന്നതാണ്. അമേരിക്കൻ പശ്ചാത്തലത്തിൽ ഇതിനു പ്രസക്തിയില്ലല്ലോ. എന്നാൽ മലയാളികൾ ഇല്ലാത്ത ഇടവകകൾ അങ്ങയുടെ ശ്രമഫലമായിട്ട് അവിടെ ഉണ്ടായിട്ടുണ്ടല്ലോ.ഇതും ഒരു മിഷൻ പ്രവർത്തനമല്ലെ. ഇതിന്റെ തുടക്കത്തെക്കുറിച്ചും ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും പറയുമോ?*

**മി**ഷൻ എന്നതിനെ അതിന്റെ വിശാലമായ അർത്ഥത്തിൽ കാണുമെങ്കിൽ ഈ പറഞ്ഞതുമാത്രമല്ല മിഷൻ എന്നു ബോധ്യമാകും. മലയാളികൾ ഒന്നുപോലുമില്ലാത്ത മൂന്നു ഇടവകകൾ അമേരിക്കയിലുണ്ട്. അവിടെയുള്ളത് വെള്ളക്കാരായ അമേരിക്കൻസാണ്. അവർ മിക്കവരും ഐറീഷ് പാരമ്പര്യമുള്ളവരാണ്. അവരുടെ കൂട്ടത്തിൽ നിന്നും അച്ചൻമാരെയും നാം വാഴിച്ചിട്ടുണ്ട്. മൂന്നച്ചന്മാരുണ്ട് ഇപ്പോൾ. അമ്പതിൽ കുറയാത്ത വീട്ടുകാരുമുണ്ട്. സുവിശേഷത്തിന്റെ ഭാഗമായിട്ട് മാത്രം ചേർന്നവരല്ല, എന്നാൽ അല്ലെന്നും പറയുവാനും കഴിയില്ല. കത്തോലിക്കരായിരുന്നു അവർ. റോമൻ കാത്തലിക്സ്. അവരുടെ സഭയിൽ അവിവാഹിതരായിട്ടുള്ള പട്ടക്കാരുടെയും മെത്രാപ്പോലീത്തമാരുടെയും പേരിൽ ചില പരാതികൾ ഉണ്ടായപ്പോൾ അവർ നിരാശിതരായി. വിവാഹം കഴിച്ചിട്ടുള്ള പട്ടക്കാരുടെ സഭയാണ് നല്ലത് എന്ന തോന്നൽ അവർക്കുണ്ടായി. അതിന് ഓർത്തഡോക്സ് സഭയാണ് നല്ലതെന്ന ഒരു നിഗമനം അവരിലുണ്ടായി. എന്റെ അടുത്തുവന്നവർ കത്തോലിക്ക സെമിനാരിയിൽ നിന്നും പഠിച്ചവരാണ്. അവർ പല ഓർത്തഡോക്സ് വിഭാഗത്തിൽ പോയി ആരാധനയും മറ്റും കണ്ടു മനസ്സിലാക്കി. ഇവിടെചേരുവാൻ ഒടുവിലവർ തീരുമാനിച്ചു. ഒരു ഗ്രീക്ക് ഓർത്തഡോക്സ് പള്ളിയിൽ ചെന്നപ്പോൾ അവിടെ ഒരു മലയാളി പെൺകുട്ടിയുണ്ടായിരുന്നു. വാഷിംഗ്ടൺ സ്റ്റേറ്റിലെ സ്പൊക്കെയ്ൻ എന്ന സ്ഥലത്തായിരുന്നു അത്. സമർത്ഥയായ ആ പെൺകുട്ടി ഓർത്തഡോക്സ് സഭയുടെ പ്രാധാന്യത്തെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും കാര്യകാരണസഹിതം അവരോടു പറഞ്ഞു. നമ്മുടെ പെൺകുട്ടികളുടെ സാമർത്ഥ്യം പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അവർക്കതിൽ താല്പര്യമുണ്ടായി. കൂടുതലറിയുവാനുള്ള പ്രേരണ അവരിലുണ്ടായി. അങ്ങനെ അവളെയും കൂട്ടി അവർ എന്റെ അടുത്തെത്തി.

*ഇത് ദൈവത്തിന്റെ നടത്തിപ്പാണെന്നു തോന്നിയിട്ടുണ്ടാവുമല്ലോ?*

**വി**ളിയെന്നു ഞാൻ വിശ്വസിക്കുന്നു. കടന്നുവന്ന് ഞങ്ങളെ സഹായിക്കാൻ പൗലോസിനോട് പറഞ്ഞതുപോലെ അവർ സഹായം അഭ്യർത്ഥിച്ചു. ഓർത്തഡോക്സ് സഭയിൽ ചേരുവാനുള്ള നടപടികളെന്തൊക്കെയാണെന്ന് അവർ ചോദിച്ചു. ഇതിനിടയിൽ അതിലുള്ള ഒരുവന് ഈ പെൺകുട്ടിയോടു താല്പര്യം തോന്നി. വിവാ





ഹാഭ്യർത്ഥന നടത്തി. അവൾ രണ്ടു നിർദ്ദേശം മുന്നോട്ടു വച്ചു. തന്റെ സഭയിൽ ചേരണമെന്നും നാട്ടിൽ പോയി അവളുടെ പള്ളിയിൽ വച്ച് വിവാഹം കഴിക്കണം എന്നും. രണ്ടും അവർ സമ്മതിച്ചു. മദ്രാസിൽ അവർ വന്നു. വിവാഹം കഴിച്ചു. അവനാണ് നമ്മുടെ സഭയ്ക്ക് ലഭിച്ച ഓർത്തഡോക്സുകാരനായ ആദ്യത്തെ വിദേശിയെന്നു പറയാം. അവൻ പിന്നീട് അച്ചനായി, കോർ എപ്പിസ്കോപ്പയായി. സുന്ദരമായ ആരാധനയുള്ള വൈദികൻ. അങ്ങനെ ഒരു ഇടവകയുണ്ടായി. കത്തോലിക്ക സെമിനാരിയിൽ പഠിച്ചിരുന്നതിനാൽ സാധാരണഗതിയിൽ പ്രത്യേകിച്ചൊന്നും ചെയ്യേണ്ടിവന്നില്ല. എങ്കിലും പഴയസെമിനാരിയിൽ കുറച്ചുനാൾപോയി താമസിക്കണമെന്ന് ഞാൻ നിർദ്ദേശിച്ചു. എന്നെ കണ്ടതുകൊണ്ടു മാത്രമായില്ല. സഭയ്ക്ക് അതിന്റേതായ ചില ദൗർബല്യങ്ങളുണ്ട്. ബലവുമുണ്ട്. അതൊക്കെ നേരിൽ കണ്ട് മനസ്സിലാക്കണം. എന്നോടൊപ്പം നാട്ടിൽ വന്നു. സെമിനാരിയിൽ താമസിച്ചു. മാനേജിംഗ് കമ്മറ്റി കൂടുന്ന സമയമായിരുന്നു അത്. പഴയ സെമിനാരി ചാപ്പലിൽ അദ്ദേഹം കുർബാന ചൊല്ലി. ഇദ്ദേഹത്തെ എടുക്കുന്നതിൽ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് എതിർപ്പായിരുന്നു. കുർബാന കണ്ടുകഴിഞ്ഞപ്പോൾ എന്നോട് അദ്ദേഹം പറഞ്ഞു. ഇത്രയും സ്പിരിചാലിറ്റിയുള്ള ഒരു കുർബാന ഇതിനുമുമ്പ് ഞാൻ കണ്ടിട്ടില്ല. വട്ടക്കുന്നേൽ തിരുമേനിയും ഉണ്ടായിരുന്നു. മാനേജിംഗ് കമ്മറ്റിയോഗത്തിൽ അദ്ദേഹത്തെ കൂടി കൊണ്ടുപോയി. വട്ടക്കുന്നേൽ തിരുമേനി അദ്ദേഹത്തെ മാലയിട്ട് സ്വീകരിച്ച് അംഗീകരിച്ചു മിഷനറിയാക്കി. മാനേജിംഗ് കമ്മറ്റിയിൽ അദ്ദേഹം പത്തുമിനിറ്റ് സംസാരിക്കുകയും ചെയ്തു. അതായിരുന്നു മിഷന്റെ ആരംഭം. ഈ കഴിഞ്ഞ സെപ്റ്റംബറിൽ അവർ സ്വന്തമായി ഒരു പള്ളിവച്ച് പരുമല തിരുമേനിയുടെ ചിത്രവും വച്ചു. ഗ്രിഗോറിയോസ് മിഷൻ എന്നാണ് അവരുടെ പേര്. ഞാൻ എതിർത്തിട്ടും എന്റെ പേരിലാണ് പള്ളി വാങ്ങിച്ചത്. ഒരു മലയാളി ഒരു പട്ടണത്തിൽനിന്നും പോയി വേറൊരു പട്ടണത്തിലെത്തി എന്നു പറയുന്നതിനേക്കാൾ ഈ ദൂതും ഈ ഓർത്തഡോക്സിയും ഫിലോസഫിയും ഈ ജീവിതരീതിയും ഈ നോമ്പും ഈ നമസ്കാരവും ഇതെല്ലാം മറ്റുള്ളവർ കണ്ടിട്ട് ഇത് നല്ലതാണ് എന്ന് മനസ്സിലാക്കി അവർ നമ്മോടൊപ്പം കൂടി. അമേരിക്കയിൽ എന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ ഇതിനെ കാണുന്നു.

*ഗീവറുഗീസ് ദ്വിതീയൻ ബാവായിൽ നിന്നും 52ൽ വൈദികനായി. ഔഗേൻ ബാവായിൽ നിന്നും 75ൽ മെത്രാപ്പോലീത്തയായി. വട്ടക്കുന്നേൽ ബാവായേയും മാത്യൂസ് ദ്വിതീയൻ ബാവായെയും ഇപ്പോഴത്തെ ബാവായേയും അടുത്തറിയുവാൻ അങ്ങേയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഈ കാതോലിക്കാ ബാവാമാരെ ഒന്നു വിലയിരുത്താമോ?*

**ഇ**വർക്ക് ഓരോരുത്തർക്കും അവരുടേതായ വലിയ സിദ്ധികളുള്ളവരാണ്. ഗീവറുഗീസ് ദ്വിതീയൻ ബാവായെക്കുറിച്ചുള്ള വിലയിരുത്തലിൽ സഭയെപ്പറ്റിയുള്ള, ദൈവത്തെപ്പറ്റിയുള്ള, പ്രാർത്ഥനയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വീറാണ്. കുർബ്ബാനയൊക്കെ ചൊല്ലുമ്പോൾ ദൈവം അതിൽ വരണം എന്ന തീക്ഷ്ണത അദ്ദേഹത്തിനുണ്ടായിരുന്നു. അതിനുവേണ്ടി എന്തും സഹിക്കുവാൻ അദ്ദേഹം തയ്യാറായിരുന്നു. വിതയത്തിലിന്റെ വിധി 1951ൽ ഉണ്ടായപ്പോൾ പഴയ സെമിനാരി വിട്ടുപോകേണ്ടിവരികയും മാങ്ങാനത്തു താമസിക്കേണ്ടിവരികയും ചെയ്തു. സെമിനാരി നടത്തിയെടുക്കുവാൻ വരുന്നു വെന്നറിഞ്ഞ് എന്റെ പെട്ടിയുമെടുത്ത് ഞാനും ഇറങ്ങി ഓടിയിട്ടുണ്ട്. എന്നാൽ അവർ വന്നുമില്ല, വരാൻ ഒത്തുമില്ല. മാങ്ങാനത്ത് താമസിക്കുമ്പോഴാണ് ഞങ്ങൾക്കൊക്കെ യൗക്കദിനോപട്ടം നൽകുന്നത്. ഒരു സംഭവം ഓർക്കുന്നു. രാത്രി രണ്ടുമണിയായിക്കാണും. വേദപുസ്തകമൊക്കെ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞങ്ങൾ. വലിയ ചൂടുള്ള കാലമായിരുന്നു. ദാഹം തീർക്കുവാനായി കിഴക്കുവശത്തുള്ള കിണറ്റിൽ നിന്നും വെള്ളം കോരി കുടിക്കാമെന്നു വിചാരിച്ച് അങ്ങോട്ടു നടന്നു. വെളിയിലിറങ്ങിയപ്പോൾ കണ്ടത് വരാന്തയുടെ മൂലയിൽ ബാവാ നിൽക്കുന്നു. അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടുനിൽക്കുകയായിരുന്നു. കൈ മാറത്തടിച്ചുകൊണ്ട് എന്റെ ജനത്തോട് കരുണ തോന്നേണമേയെന്ന ശബ്ദം ഇടയ്ക്കിടെ പുറത്തേക്കു കേൾക്കാം. താൻ വിശ്വസിക്കുന്നത് പഠിപ്പിക്കുകയും, പഠിപ്പിക്കുന്നത് വിശ്വസിക്കുകയും അതിൽ പൂർണ്ണമായും മുഴുകിയിരുന്ന വ്യക്തിത്വമായിരുന്നു. ഏലിയാവിനെപ്പോലെ തീക്ഷ്ണമായ ഭക്തി ബാവായ്ക്ക് ഉണ്ടായിരുന്നു.

*ഔഗേൻ ബാവായെക്കുറിച്ച്?*

**പ**ണ്ഡിതനും വിനയമുള്ളവനുമായ ഒരു സന്യാസിയായിരുന്നു ഔഗേൻ ബാവ. പുസ്തകമെഴുതുവാൻ ഒരുപാടു രാത്രികൾ ഞാൻ





അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. വലിയ അറിവുള്ള വ്യക്തിയായിരുന്നു. എന്നാൽ അതൊരിക്കലും അദ്ദേഹം ഭാവിക്കുകയോ പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ല. ഞങ്ങളുടെ പ്രിൻസിപ്പൽ കൂടിയായിരുന്നു അദ്ദേഹം. നമസ്കാരത്തിന്റെ സമയത്ത് കസേരയിൽ നിന്നും ഇറങ്ങി താഴെയിരിക്കുമായിരുന്നു. വ്രതനിഷ്ഠയുള്ള സന്യാസിയായിരുന്നു.

*മാത്യൂസ് പ്രഥമൻ ബാവായെക്കുറിച്ച്?*

**മാ**ത്യൂസ് പ്രഥമൻ ബാവാ തികഞ്ഞ ഒരു ഭരണകർത്താവായിരുന്നു. സഭയ്ക്ക് ശക്തമായ ഒരു അടിത്തറയുണ്ടാകുന്ന കാര്യത്തിൽ വലിയ പ്രാധാന്യം നൽകിയിരുന്നു. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെയും ഔഗേൻ ബാവായുടെയും കാലത്ത് കേസ് ഒക്കെ തോറ്റു സഭ തളർന്നിരിക്കുന്ന ഘട്ടത്തിലാണ് മാത്യൂസ് പ്രഥമൻ ബാവായുടെ കാലത്തെ വിജയം. സഭാകേന്ദ്രത്തിന് അടുക്കും ചിട്ടയും ശരിയായ അർത്ഥത്തിൽ കൈവന്നത് ഇക്കാലത്താണ്.

*മാത്യൂസ് ദ്വിതീയൻ ബാവായെക്കുറിച്ച്?*

**എ**ന്റെ ദയറാജീവിതം അദ്ദേഹത്തോടൊപ്പമാണ് ആരംഭിക്കുന്നത്. അദ്ദേഹവുമായി ബന്ധപ്പെട്ട ഒരുപാട് ഓർമ്മകൾ പങ്കുവയ്ക്കുവാനുണ്ട്. എല്ലാവരോടും അദ്ദേഹത്തിനു താല്പര്യമായിരുന്നു. അദ്ദേഹത്തിൽ നിന്നും പലതും മനസ്സിലാക്കുവാനും പഠിക്കുവാനും എനിക്കു കഴിഞ്ഞിട്ടുണ്ട്.

*ഇപ്പോഴത്തെ ബാവായെക്കുറിച്ച്?*

**ജീ**വിച്ചിരിക്കുന്ന ഒരാളിനെക്കുറിച്ച് പ്രത്യേകിച്ചൊരു വിലയിരുത്തൽ ഇപ്പോൾ നടത്തുന്നത് ശരിയാണോ എന്ന സംശയം എനിക്കുണ്ട്.

*ബഥനിയിലെ തേവോദോസിയോസ് തിരുമേനി വിശാലമായ കാഴ്ചപ്പാടിലേക്കൊരു വാതായനം തുറന്നിട്ടതായിട്ടറിയുവാൻ കഴിഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച്?*

**ഞാ**ൻ അച്ചനായിട്ട് ഡൽഹിക്ക് പോകുമ്പോൾ തേവോദോസിയോസ് തിരുമേനി ഒരു കാര്യം പറഞ്ഞു. താൻ താമസിക്കാൻ പോകുന്നത് ഒരു ആംഗ്ലിക്കൻ ആശ്രമത്തിലാണ്. കേംബ്രിഡ്ജ് മിഷൻ

ബ്രദർഹുഡ് എന്നു പറയും. അവിടെയുള്ളവരെല്ലാം ആംഗ്ലിക്കൻ അച്ചന്മാരാണ്. താനൊരു മുറിഞ്ഞ ഓർത്തഡോക്സ്കാരനാണ്. അങ്ങനെയുള്ള ഒരു കുടുംബത്തിൽ നിന്നും വന്നവനുമാണെന്നെ നിക്കറിയാം. എന്നാൽ അവിടെപ്പോയി താമസിക്കുമ്പോൾ അവരുടെ ചാപ്പലിൽ മണിയടിക്കുമ്പോൾ താൻ മാറിനിന്നുകളയരുത്. അവരുടെകൂടെ നിന്ന് പ്രാർത്ഥിച്ചോണം. തന്റെ നമസ്കാരം ഭംഗംകൂടാതെ നടത്തിക്കോണം. എന്നാൽ അവരുടെ ചിട്ടയ്ക്കും സമയത്തിനും ചാപ്പലിൽ പൊയ്ക്കോണം. ഇത് എനിക്ക് ഒരു പുതിയ ദർശനമായിരുന്നു. ഞാനല്ലാതെയും എന്റെ സഭയല്ലാതെയും എന്റെ ജീവിതശൈലിയുമല്ലാതെയും ഉള്ള കാര്യങ്ങളൊക്കെ ജീവിതത്തിൽ ഉണ്ടാകും എന്ന് ആദ്യമായിട്ട് എനിക്കു അദ്ദേഹത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. എല്ലാവരും ദൈവത്തിന്റെ മനുഷ്യരാണ്. എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണ്. ഒന്ന് ഒന്നിനോട് വ്യത്യാസപ്പെട്ടിരുന്നു എന്നു വരികിലും എല്ലാവരേയും ദൈവമാണ് നോക്കുന്നത്. ആ ഒരു ദർശനം ഇംഗ്ലണ്ടിൽപോയി പഠിച്ചപ്പോഴും, അമേരിക്കയിൽ പോയി പഠിച്ചപ്പോഴും അവരുടെ പ്രാർത്ഥനകളിലും മറ്റും ഞാൻ സംബന്ധിച്ചപ്പോഴും ഓർമ്മിച്ചിട്ടുണ്ട്. അതെല്ലാം കാണുമ്പോൾ ഇവരുടെ പ്രാർത്ഥനയും എന്റെ ദൈവത്തോട് തന്നെ, ഞാൻ പ്രാർത്ഥിക്കുന്ന രീതിയിൽ അല്ലായെന്നേയുള്ളൂ. ഇതൊരു എക്യുമെനിക്കൽ ദർശനമാണ്. പക്ഷെ, അതുകൊണ്ടായില്ലത്. എല്ലാവരെയും കാണുവാനും മനസ്സിലാക്കുവാനും ദൈവം എല്ലാവരുടെതുമാണെന്നും എല്ലാവരും ദൈവത്തിന്റേതുമാണെന്നും മനസ്സിലാക്കുമ്പോൾ മാത്രമെ ഈ ദർശനം പൂർണ്ണമാകുകയുള്ളൂ.

*വ്യക്തി വൈഭവങ്ങളുടെ സ്വാധീനം?*

**ഞ**ങ്ങൾക്ക് സഭയോടുള്ള താല്പര്യം കുറച്ചു തിയോളജി പഠിച്ചതുകൊണ്ടൊന്നുമല്ല. അതാതു കാലത്ത് അതിന്റെ നേതൃത്വത്തിൽ ഇരിക്കുന്നവരുടെ വ്യക്തിവൈഭവത്തെ ആശ്രയിച്ചാണതിരിക്കുന്നത്. സഭാകാര്യങ്ങളിൽ എനിക്ക് ഇത്രയും വാശിയും വീറുമൊക്കെ വന്നതുതന്നെ ചില വ്യക്തിവൈഭവങ്ങളുടെ പ്രേരണയാലാണ്. അതിലൊന്ന് കുറിച്ചി ബാവായായിരുന്നു. അദ്ദേഹത്തിന്റെ കാലത്താണ് ഞാൻ സെമിനാരിയിൽ പഠിക്കുന്നത്. അദ്ദേഹത്തെ കണ്ടുകഴിയുമ്പോൾ ഉണ്ടാകുന്ന ഒരു പ്രചോദനം സഭയോടുള്ള ഭക്തിയായിട്ടാണ് വളർന്നത്. ഓരോ സ്ഥാപനത്തിന്റെ ഉന്നതസ്ഥാനങ്ങളിൽ ഇരിക്കു





ന്നവർ അറിഞ്ഞിരിക്കേണ്ട കാര്യംകൂടിയാണിത്. സഭയുടെ കാര്യങ്ങളെല്ലാം പഠിച്ചിട്ട് ഇതാണ് നല്ല സഭയെന്നു തീരുമാനിക്കുകയല്ല ചെയ്യുന്നത്. അവരുള്ള സഭ നല്ലതാണ് എന്നാണു മനസ്സിലാക്കേണ്ടത്.

കുറിച്ചി ബാവായും അതുപോലെതന്നെ പത്തനാപുരത്തെ തോമസ് മാർ ദിവന്നാസിയോസ് തിരുമേനിയും ബഥനിയിലെ തേവോദോസ്യോസ് തിരുമേനിയുമൊക്കെ പ്രഭാവം ചെലുത്തുന്ന ഓരോ വ്യക്തിത്വമായിരുന്നു. അവരിൽ കൂടിയാണ് സഭയെ മറ്റുള്ളവർ കണ്ടത്. മേലദ്ധ്യക്ഷന്മാരിൽ കൂടിയാകണം സഭയെ കാണേണ്ടത്. അങ്ങനെ സാധിക്കുന്നില്ലായെങ്കിൽ ആ സഭ കീഴോട്ടുപോകും.

*തോമാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെക്കുറിച്ച്?*

**അ**ദ്ദേഹത്തിന്റെ പ്രാഗത്ഭ്യം തെളിയിക്കുന്ന ഒരു സംഭവം പറയാം. കൊല്ലകടവിൽ ചാവടിയിൽ സി.വി.ജോണച്ചൻ എന്നോട് പറഞ്ഞതാണ്. ഞങ്ങൾ ഒന്നിച്ചാണ് പഠിച്ചതും പട്ടമേറ്റതുമൊക്കെ. ജോണച്ചൻ പത്തനാപുരം ദയറായിലെ ആളായിരുന്നു. ദീവന്നാസ്യോസ് തിരുമേനി റമ്പാനായി ഇംഗ്ലണ്ടിലെ പഠനം കഴിഞ്ഞ് വന്ന സമയമായിരുന്നു. തിരുവിതാംകൂർ കവടിയാർ കൊട്ടാരത്തിൽ നിന്നും അദ്ദേഹത്തെ കാണുവാൻ ഒരാൾ വന്നു. റീജൻസി ഭരണം അല്പം കൂടി നീട്ടിക്കിട്ടുന്നതിന് എന്തെങ്കിലും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് വന്നിരിക്കുന്നത്. അന്നത്തെ വൈസ്രോയി ഇർവിൻ പ്രഭുവിന്റെ പിതാവും തിരുമേനിയുമായിട്ട് ഇംഗ്ലണ്ടിൽ വച്ച് പരിചയമുണ്ട്. അദ്ദേഹത്തിന് തിരുമേനിയെ വലിയ ഇഷ്ടമായിരുന്നു. തിരുമേനിയെന്ന് പറയുന്നേയുള്ളൂ. അന്നദ്ദേഹം തിരുമേനിയല്ല. ഇർവിൻപ്രഭു ഇന്ത്യയുടെ വൈസ്രോയിയായിട്ട് വരുമ്പോൾ സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവിടെ കിട്ടാവുന്ന സ്നേഹിതരെയൊക്കെ കൂട്ടിക്കൊള്ളണം, സൂക്ഷിക്കണം എന്നൊക്കെ പറഞ്ഞു. അന്ന് അദ്ദേഹം പറഞ്ഞുകൊടുത്ത പേര് തിരുമേനിയുടേതായിരുന്നു. ഈ സൗഹൃദം അറിഞ്ഞാണ് കൊട്ടാരത്തിൽ നിന്നും ആളിനെ വിട്ടത്. പാരിതോഷികമായി ആയിരം രൂപയും കൊടുത്തുവിട്ടു. കൈയിൽ ഒരു കാശുമില്ലാതിരുന്നിട്ടും, ഒരു കാശുപോലും വാങ്ങാതെ യാത്രയ്ക്കുള്ള പണത്തിനായി ഒരു മുസ്ലീം സുഹൃത്തിന്റെ വീട്ടിൽ നിന്നും കടം വാങ്ങിയ

പണംകൊണ്ടാണ് ഡൽഹിയിൽ പോയതും റീജന്റിന്റെ ഭരണം കുറച്ചുനാളുകൂടി നീട്ടിക്കിട്ടുവാനുള്ള ശ്രമം നടത്തിയതും. അതു വിജയിച്ചെന്നാണ് കേട്ടിട്ടുള്ളത്. അത്ര പ്രഗത്ഭനായിരുന്നു അദ്ദേഹം.

*കണ്ടത്തിൽ വർഗീസ് മാപ്പിള, സി.ജെ.കുര്യൻ, ഇ.എം.ഫിലിപ്പ്, കുന്നുകുഴി കുരുവിള, ജോൺ വക്കീൽ, എം.എ.ചാക്കോ, എ.എം.വർക്കി, ഒ.എം.ചെറിയാൻ, കെ.സി.മാമ്മൻ മാപ്പിള, ചിത്രമെഴുത്ത് കെ.എം. വർഗീസ്, പടിഞ്ഞാറേതലയ്ക്കൽ ജേക്കബ് കുര്യൻ തുടങ്ങി ഔദ്യോഗിക തലത്തിലും ബൗദ്ധികതലത്തിലും സഭയ്ക്കു സമർപ്പിതമായ ഒരു തലമുറ ഉണ്ടായിരുന്നു. ഇവർ സഭാനേതൃത്വത്തോട് ചേർന്നുനിന്നു. എന്നാൽ പിന്നീട് വന്ന സഭാ നേതൃത്വം ഇവരെ ഉചിതമായ രീതിയിൽ സ്മരിക്കുകയുണ്ടായില്ല എന്നു പറഞ്ഞാൽ അങ്ങ് അതിനോട് യോജിക്കുമോ?*

**ഞാ**ൻ പരിപൂർണ്ണമായിട്ട് യോജിക്കുന്ന ഒരു സംഗതിയാണിത്. അവരോടുള്ള നന്ദി ഒരുകാലത്തും മറക്കത്തക്കതല്ല. ഇവരിലധികം പേരും ജീവിച്ചിരുന്നപ്പോഴായിരുന്നു എന്റെ ബാല്യകാലം. കണ്ടത്തിൽ വറുഗീസ് മാപ്പിള, സി.ജെ.കുര്യൻ, ഇ.എം.ഫിലിപ്പ്, കുന്നുകുഴി കുരുവിള എന്നിവരൊക്കെ എന്റെ കേൾവിയിലുള്ളവരാണ്. ജോൺ വക്കീലും എം.എ.ചാക്കോയും ഞാൻ ഉണ്ടായതിനുശേഷമാണ് മരിച്ചത്. എ.എം.വർക്കിയെ ഞാൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ കണ്ടിട്ടുണ്ട്. സംസാരിച്ചിട്ടുണ്ട്. ഒ.എം.ചെറിയാനുമായിട്ട് ഇടപെടാൻ അവസരം ലഭിച്ചിട്ടില്ല. കെ.സി.മാമ്മൻ മാപ്പിളയുടെ കൂടെ ഒരുവർഷം സെക്രട്ടറി എന്ന നിലയിൽ ജോലി ചെയ്തിട്ടുണ്ട്. അന്നു ഞാൻ ശെമ്മാശനാണ്. സമുദായ കേസ് തോറ്റ സമയത്ത് അദ്ദേഹം വടക്കൻ ഭദ്രാസനങ്ങളിലൊക്കെ യോഗം നടത്താൻ പോകുമ്പോൾ എന്നെക്കൂടി കൊണ്ടുപോകുമായിരുന്നു. അതിന്റെ റിപ്പോർട്ട് മനോരമയ്ക്ക് എഴുതുന്നതിന് സഭാചരിത്രം അറിയാവുന്ന ഒരാളെ വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ കാലം ചെയ്ത തെയോഫിലോസ് തിരുമേനിയാണ് എന്നെ അദ്ദേഹത്തിനൊപ്പം അയച്ചത്. ഇവരിലൊക്കെ കണ്ട ഒരു വലിയ ഗുണം സഭയ്ക്ക് എന്തുകൊടുക്കാൻ കഴിയും, അല്ലാതെ സഭയിൽനിന്ന് എന്തു കിട്ടും എന്നു ചിന്തിക്കുന്ന തലമുറയായിരുന്നില്ല അത്.





*ഡോ. പി.സി.അലക്സാണ്ടറിനെക്കുറിച്ച്?*

**ഡോ.**പി.സി.അലക്സാണ്ടർ അഞ്ചാറുവർഷക്കാലം എന്റെ ഇടവകക്കാരനായിരുന്നു. ആ ഒരു ബന്ധം ഞങ്ങൾ തമ്മിലുണ്ട്. ഞങ്ങളൊക്കെ വളർന്നുവരുമ്പോൾ രണ്ടു യുവനേതാക്കന്മാരായിരുന്നു ഞങ്ങളുടെയൊക്കെ ആദർശപുരുഷന്മാർ. സി.എം.സ്റ്റീഫനും, പി.സി.അലക്സാണ്ടറും. രണ്ടുപേരും മാവേലിക്കരക്കാരാണ്. സ്റ്റീഫൻ മലയാളത്തിലുള്ള പ്രസംഗത്തിലും അലക്സാണ്ടർ ഇംഗ്ലീഷിലുള്ള പ്രസംഗത്തിലും കോളജിൽ ഒന്നാം സ്ഥാനങ്ങൾ നേടുന്നവരായിരുന്നു. ചെറുപ്പത്തിൽ തന്നെ മനസ്സിൽ ഒരാദരവ് ഇവരോട് ഉണ്ടായിരുന്നു. ഡൽഹിയിൽ ഉണ്ടായിരുന്നപ്പോൾ എന്നെ വളരെയധികം സഹായിച്ച ആളാണ്, അദ്ദേഹവും അദ്ദേഹത്തിന്റെ കുടുംബവും. അവരുടെ കുട്ടികളെ സൺഡേസ്കൂളിൽ പഠിപ്പിച്ചിട്ടുണ്ട്. എന്നെക്കുറിച്ച് പി.സി.അലക്സാണ്ടർ പറയുന്ന ഒരു പ്രശംസാ കാര്യമുണ്ട്. പറയേണ്ട സമയത്ത് പറയേണ്ട കാര്യങ്ങൾ മിതമായിട്ടും ഉചിതമായിട്ടും പറയാനുള്ള അച്ചന്റെ കഴിവ് വളരെയധികം അഭിനന്ദനാർഹമാണെന്ന്. അദ്ദേഹത്തിന്റെ ചില ലേഖനങ്ങളിലും എന്നെ കുറിച്ച് എഴുതിയിട്ടുണ്ട്. ഇന്ദിരാഗാന്ധിയുമായിട്ടുള്ള സൗഹൃദത്തിന് അദ്ദേഹം കാരണമായിട്ടുണ്ട്. എങ്ങനെയായാലും ഈ സഭയിൽ സമാധാനം ഉണ്ടായാൽ മതി എന്നാശയമായിരുന്നു ആദ്യം അദ്ദേഹത്തിനുണ്ടായിരുന്നത്. ഇതിനെക്കുറിച്ച് ഞങ്ങൾ തർക്കിച്ചിട്ടുണ്ട്. മുംബൈയിൽ ഗവർണറായിരിക്കുമ്പോൾ അമേരിക്കയിൽനിന്നും ഞാൻ ടെലിഫോണിൽ സംസാരിക്കുകയുണ്ടായി. അന്ന് പറഞ്ഞതിനോട് ഞാൻ ഇപ്പോൾ യോജിക്കുകയാണെന്ന് പറയുകയുണ്ടായി. മലങ്കര സഭ ഒരു ദേശീയ സഭയാണ്. അവരുമായി ഒരു ധാരണയ്ക്കും പോകുവാൻ ഇനി നമുക്കു കഴിയില്ലായെന്ന്. ലോകം അറിയപ്പെടുന്ന ഒരു നയതന്ത്രജ്ഞന്റെ വാക്കുകളാണിതെന്ന് ഓർക്കണം. എല്ലാവരും ഉയർന്നുവരണമെന്ന് ആഗ്രഹിക്കുകയും അതിനായി ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുവാൻ താല്പര്യവുമുള്ള വ്യക്തിയാണ് പി.സി.അലക്സാണ്ടർ.

*ഓതറ ദയറായിലേക്കും അവിടെനിന്നും ബഥനിയിലേക്കുമുള്ള യാത്ര ജീവിതത്തിന്റെ വഴിത്തിരിവായിരുന്നുവല്ലോ. ജീവിതത്തിനു മുന്നിൽ ചോദ്യമുയർത്തിയ ആ നാളുകൾ ഒന്ന് അനുസ്മരിക്കുമോ?*

**മാ**ത്യൂസ് അച്ചൻ ഓതറ ദയറായിൽ ഒറ്റയ്ക്കാണ് അന്നു താമസം. എന്നെ അദ്ദേഹം അവിടേയ്ക്ക് ക്ഷണിച്ചു. അതിൻപ്രകാരം ഇടയ്ക്കിടെ അദ്ദേഹത്തിന്റെ ദയറായിൽ ഞാൻ പോയി താമസിക്കുമായിരുന്നു. മിക്കവാറും അവിടെ പട്ടിണിയായിരുന്നു. രണ്ടാം ലോകമഹായുദ്ധം നടക്കുന്നതിനാൽ അരി കിട്ടില്ല. ചാമക്കഞ്ഞിയാണ് കുടിച്ചോണ്ടിരുന്നത്. അവിടെവച്ചാണ് ചാമക്കഞ്ഞി കുടിക്കാൻ ശീലിച്ചത്. അതുപോലെ അവിടെ ഒരു വരിക്ക പ്ലാവ് ഉണ്ടായിരുന്നു. ഒരുപാടു ചക്ക അതിലുണ്ടായിരുന്നു.

ഏതാണ്ട് അഞ്ചുവർഷം കഴിഞ്ഞപ്പോൾ ജോലി ഉപേക്ഷിക്കാൻ ഞാൻ തീരുമാനിച്ചു. ഒരു കൊച്ചുതകരപ്പെട്ടി എടുത്തു. അതിൽ ഒരു കൊച്ചു മുണ്ടും ഉടുപ്പും വച്ചു. ദയറായിൽ പോകുമ്പോൾ അധികമൊന്നും കൊണ്ടുപോകുവാൻ പാടില്ല. അതുമെടുത്ത് ഞാൻ ദയറായിലേക്ക് നടന്നു. അച്ചനെ കണ്ടു. ഞാൻ ജോലി രാജി വച്ചിരിക്കുകയാണ്. ഇനിയെന്താണ് വേണ്ടതെന്ന് അച്ചൻ പറഞ്ഞാൽ അതുപോലെ ചെയ്യാം എന്നു പറഞ്ഞു. എനിക്ക് ഒരു മുറി കാണിച്ചുതന്നു. അവിടെ താമസിച്ചുകൊള്ളാൻ പറഞ്ഞു. നീയാണ് ദയറായിലെ ആദ്യത്തെ മെമ്പർ എന്നും പറഞ്ഞു. അതിനുശേഷം അദ്ദേഹം ചെങ്ങന്നൂർ പീലക്സിനോസ് തിരുമേനിയെ കാണുവാനായി പോയി. എന്നെ ദയറായിലേക്ക് എടുത്ത കാര്യം തിരുമേനിയെ അറിയിക്കേണ്ടതുണ്ടായിരുന്നു. തിരുമേനിക്ക് നിന്നെ അറിയാമല്ലോ. അതുകൊണ്ട് വിഷമമൊന്നുമില്ല. തിരിച്ചുവരുവാൻ ഒരുപാടു വൈകി. അന്നു ഞങ്ങൾ കണ്ടില്ല. പിറ്റേദിവസം എന്റെ ജനനദിവസവുമാണ്. മേയ് 26. അച്ചൻ കുർബാന ചൊല്ലി. അതിനുശേഷം അദ്ദേഹം പറഞ്ഞു. എനിയ്ക്കൊരു സങ്കടകരമായ വാർത്ത അറിയിയ്ക്കുവാനുണ്ട്. നിന്നെ ഇവിടെ താമസിപ്പിക്കരുതെന്ന് പുത്തൻകാവിൽ തിരുമേനി ഗുണദോഷിച്ചു. നിന്നെ ദയറാ ജീവിതത്തിനുപറ്റിയതല്ലായെന്നും നിനക്ക് ക്ഷയരോഗമുണ്ടെന്നുമുള്ള അറിവ് നിന്റെ പള്ളിയിൽനിന്നും കിട്ടിയിട്ടുണ്ട്. ഒരു ക്ഷയരോഗി ആശ്രമത്തിൽ താമസിക്കുന്നതു നല്ലതല്ല. ആശ്രമത്തിന്റെ ചിട്ടകൾ പാലിക്കുവാനായി ഒക്കുകയില്ല. മറ്റുള്ളവരെ താമസിപ്പിക്കുവാനും പറ്റില്ലല്ലോ. അതുകൊണ്ട് നിന്നെ ഇന്നുതന്നെ പറഞ്ഞുവിടണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇടിവെട്ടിയതുപോലെയായിപ്പോയി ഞാൻ. സ്കൂളിലെ ജോലിയും രാജിവച്ചു. ഇതുമാത്രം ആശ്രയിച്ചുവന്നതാണ്. ഇനി എങ്ങോട്ടു പോകും?





തകരപ്പെട്ടിയുമെടുത്ത് അച്ചനോട് യാത്രചോദിച്ചു നടന്നു. എങ്ങോട്ടാണ് പോകുന്നതെന്നു ചോദിച്ചു. അറിയില്ലായെന്നു പറഞ്ഞു. വീട്ടിലോട്ടു പോകുകയാണോ എന്നു ചോദിച്ചു. വീട്ടിലോട്ട് ഇനി പോകുകയില്ലെന്നു ഞാനും. യാത്ര ചോദിച്ചു പോന്നതാണ്. അഭിമാനം എന്നൊന്നുണ്ടല്ലോ. അദ്ദേഹം അഞ്ചു രൂപ എടുത്തു എനിക്കു നൽകി. എവിടെയെങ്കിലും പോകുവാൻ ഉപകരിച്ചേക്കുമെന്നു പറഞ്ഞു. ഞാനതു വാങ്ങിച്ചില്ല. ഞാൻ മെമ്പറായിരുന്നുവെങ്കിൽ വാങ്ങിച്ചേനേം. എനിക്ക് ആവശ്യമില്ല. എന്റെ കൈവശം ഒന്നുമില്ലതാനും. ആ തകരപ്പെട്ടിയുമെടുത്ത് തലയിൽ വച്ചുകൊണ്ട് ദയറായുടെ പടികടന്നു. റോഡിന്റെ സൈഡിൽ അല്പനേരം ഇരുന്നു. വളരെ ആകുലപ്പെട്ടും കരഞ്ഞും കുറേ കഴിഞ്ഞു. ബഥനിയിലെ തേവോദോസ്യോസ് തിരുമേനിയും പറഞ്ഞിരുന്നുവല്ലോ. അങ്ങോട്ടു പോകാമെന്നു ഉറച്ചു.

ഓതറയിൽ നിന്നും കോഴഞ്ചേരി പത്തനംതിട്ട മൈലപ്ര റാന്നി കുമ്പഴ എല്ലാം കഴിഞ്ഞുവേണം അങ്ങു ചെല്ലാൻ. മറ്റു മാർഗ്ഗമില്ല. കൈയിൽ കാശുമില്ല. നേരെ നടന്നു. കുമ്പനാടിനു പോയി. കോഴഞ്ചേരിയിൽ എത്തിയപ്പോഴേയ്ക്കും തളർന്നുപോയി. കവലയിൽ ഒരു കടത്തിണ്ണയിൽ കയറിയിരുന്നു. അപ്പോഴാണ് ഒരു കച്ചവടക്കാരനായ ഉണ്ണിയെ കാണുന്നത്. അവൻ മാർത്തോമ്മാക്കാരനാണ്. വീട്ടിൽ വന്ന് പാക്കും മുളകും കുലയുമൊക്കെ വാങ്ങിക്കൊണ്ടുപോകുന്നവനാണ്. ഞാൻ അവനോട് മൂന്നു രൂപ ചോദിച്ചു. സംഭവങ്ങളൊന്നും അവനോടു പറഞ്ഞില്ല. ഞാൻ ബഥനിക്കു പോകുകയാണ്. കൈയിൽ കാശില്ല. വീട്ടിൽ നിന്നും അതിനുള്ള സാധനങ്ങൾ വാങ്ങിച്ചോളാനും പറഞ്ഞു. അവൻ എനിക്കു മൂന്നു രൂപ നൽകി. അതാണ് എന്റെ ആദ്യത്തെ മൂലധനം. അവൻ കഴിഞ്ഞയിടെ മരിച്ചുപോയി. ഞാൻ അവന്റെ വീട്ടിൽ പോയിരുന്നു. അവൻ തന്ന പണം ചിലവഴിക്കാൻ ശ്രമിച്ചില്ല. അതൊരാശ്വാസമായി പോക്കറ്റിൽ കിടന്നു. പിന്നെയും നടന്നു. കാട്ടൂർ വഴി റാന്നിയിലെത്തി. വീണ്ടും തളർച്ച. അവിടെനിന്നും ഇത്തിരി പച്ചവെള്ളം കുടിച്ചു. അവിടെനിന്ന് നടന്ന് മണ്ണാരക്കുളഞ്ഞി മൈലപ്ര വഴി ബഥനിയുടെ അടുക്കൽ ചെന്നപ്പോഴേയ്ക്കും രാത്രി പതിനൊന്നുമണിയായിക്കാണും. അതുവരേയും ഒന്നും കഴിച്ചിട്ടില്ല. പെട്ടി തലയിൽ ഉണ്ടുതാനും. ബഥനിയുടെ മല കയറി. ചിന്താഭാരത്തിൽ ഞാൻ നെടുവീർപ്പിട്ടു.

ജീവിതത്തിന്റെ അവസാനമാണോ ഇത്. ജീവിതത്തിന് ഒരർത്ഥ

മില്ലേ. ദൈവത്തിന് എന്നെക്കൊണ്ട് ആവശ്യമില്ലായിരിക്കും. മത്തായി അച്ചനാണ് അന്നത്തെ ബഥനിയുടെ സുപ്പീരിയർ. എന്നെ കണ്ടപ്പോൾ അച്ചനു അതിശയം. നീ എന്തിനാ ഇപ്പോ വന്നത് എന്നായി. സംഭവിച്ചതൊക്കെ ഞാൻ പറഞ്ഞു. ബഥനിയ്ക്ക് എന്നെ ആവശ്യമുണ്ടെങ്കിൽ അതിനായിട്ടാണ് ഞാൻ വന്നത്. തിരുമേനി കോട്ടയത്തിനു പോയിരിക്കുകയാണെന്നും കഴിഞ്ഞ ദിവസം തിരുമേനി നിന്നെ അന്വേഷിച്ച് ഒരാളെ നിന്റെ വീട്ടിൽ വിട്ടിരുന്നുവെന്നും പറഞ്ഞു. ഓതറയിൽ പോയിരിക്കുകയാണെന്നു പറഞ്ഞുവെന്നതിനാൽ പിന്നെ തിരുമേനി അതേപ്പറ്റി ഒന്നും പറഞ്ഞില്ലായെന്നു പറഞ്ഞു. നാലു പേരെ ബാഹ്യകേരളപ്രവർത്തനങ്ങൾക്കായി വേണമെന്നതായിരുന്നു കാര്യം. മൂന്നു പേരെ കിട്ടിയിട്ടുണ്ട്. നാലാമനായിട്ടാണ് തിരുമേനി നിന്നെ കണ്ടത്. അതിൻപ്രകാരമാണ് മൂന്നുപേരിൽ ഒരാളെ നിന്റെ അടുക്കലേക്കു വിട്ടത്. പിറ്റേദിവസം രാവിലെ അവിടെ നിന്നും ഞാൻ കോട്ടയത്തിനു പോയി, തിരുമേനിയെ കാണുവാൻ. അപ്പോഴാണ് മൂന്നുരൂപ ചിലവഴിക്കുന്നത്. തിരുമേനിയെ കണ്ടു. കാര്യങ്ങളൊക്കെ പറഞ്ഞു. എനിക്കു ക്ഷയരോഗമാണെന്ന് പറയുന്നുവെന്നും പറഞ്ഞു. തിരുമേനി ഇതു കേട്ടിട്ട് ചാപ്പലിൽ പോയി പ്രാർത്ഥിച്ചു. ഏതാണ്ട് ഒരഞ്ചാറുമിനിട്ട് ആയി കാണും. ഞാൻ ചാപ്പലിൽ പോയില്ല. തിരുമേനി തിരിച്ചുവന്നു. എന്നെ എടുക്കുവാനായി തീരുമാനിച്ചുവെന്നു പറഞ്ഞു. അങ്ങനെയാണ് ഞാൻ സെമിനാരിയിൽ ചേരുന്നത്. എന്നെ ജീവിതം എന്ത് എന്നു പഠിപ്പിച്ച സംഭവങ്ങളായിരുന്നു ഇതൊക്കെ.

*വേദപുസ്തകത്തിലെ ഏറ്റവും അധികം ഇഷ്ടപ്പെട്ട ഭാഗം? വ്യക്തി ജീവിതത്തിൽ അതിനുള്ള പ്രസക്തി?*

**ഞാ**ൻ എല്ലാദിവസവും പാതിരാ കഴിഞ്ഞ് ഒന്നെഴുന്നേൽക്കുക പതിവുണ്ട്. അപ്പോൾ മൂന്നു പ്രാവശ്യം ചൊല്ലുന്ന ഒരു വേദഭാഗമുണ്ട്. 'ദോഷം നിന്നോട് അടുക്കുകയില്ല. ശിക്ഷ നിന്റെ കൂടാരത്തിനെ സമീപിക്കുകയില്ല. നിന്റെ സകല വഴികളിലും നിന്നെ കാക്കുന്നതിനായിട്ട് അവൻ മാലാഖമാരോട് നിന്നെക്കുറിച്ച് കല്പിക്കും. നിന്റെ കാലിന് ഇടർച്ച ഉണ്ടാകാതിരിപ്പാനായിട്ട് അവർ തന്റെ ഭുജങ്ങളിൽ മേൽ നിന്നെ വഹിക്കും.' ആത്മാർത്ഥമായി വിശ്വസിക്കുന്ന ഒരു കാര്യമാണ്. എന്റെ ജീവിതത്തിൽ അത് അനുഭവപ്പെട്ടിട്ടുള്ളതാണ്. കാര്യം എന്തെങ്കിലും നടന്നുപോകുന്നത് ഞാൻ എന്തെങ്കിലും





ചെയ്തതുകൊണ്ടല്ല, ഒരു അദൃശ്യമായ ശക്തി പ്രവർത്തിക്കുന്നുണ്ട്. അപൂർണ്ണമായ ജീവിതമാണെങ്കിലും, അപൂർണ്ണമായ ജീവിതത്തിൽ ദൈവത്തിന്റെ അദൃശ്യമായ സാന്നിദ്ധ്യം കാണാനും അറിയാനും ഗ്രഹിക്കാനും രുചിക്കാനും കൃപ നൽകണമേയെന്ന് സങ്കീർത്തനത്തിന്റെ അവസാനഭാഗത്ത് ഞാൻ പറയാറുണ്ട്, പ്രാർത്ഥിക്കാറുണ്ട്. ഇതിനോടൊപ്പം വേറൊരു വാക്യം കൂടി ഞാൻ ചേർക്കാറുണ്ട്. എന്റെ ആത്മാവ് നിന്നെ പിൻതുടർന്നു. നിന്റെ വലതുതൃക്കൈ എന്നെ താങ്ങി. ഒരു കൊച്ച് തകരപ്പെട്ടിയുമെടുത്ത് ഓതറ ദയറായിൽനിന്നും ലക്ഷ്യമില്ലാതെ ഇറങ്ങിത്തിരിച്ചതാണ്. അവിടെനിന്നും ബഥനിയിലേക്കും പിന്നീട് കോട്ടയത്തേക്കുമുള്ള യാത്ര എന്റെ ഓർമ്മയിലെത്തും. നിരാശയുടെ പ്രതിഫലനമായിട്ട് ആ സംഭവത്തെ ഓർക്കുമ്പോഴും, തിരിഞ്ഞുനോക്കുമ്പോൾ ജീവിതത്തിൽ സംഭവിക്കാവുന്നതിൽ വച്ച് ഏറ്റവും വലിയ ഒരു സംഗതിയായിരുന്നു. ജീവിതത്തിന്റെ അടിത്തറയെന്നു പറയാൻ ആ സംഭവത്തിനു കഴിഞ്ഞിട്ടുണ്ട്.

*മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് എന്ന നിലയിലുള്ള പ്രവർത്തനം?*

**അ**തിനെക്കുറിച്ച് പറയുവാൻ ഞാൻ ലജ്ജിക്കുന്നു. മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി എന്നെ നിയമിക്കുമെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് ഞാൻ നോക്കി, ചില കാര്യങ്ങളൊക്കെ മനസ്സിൽ തിട്ടപ്പെടുത്തിയിരുന്നു. വലിയ പ്രതീക്ഷയോടുകൂടിയാണ് ഞാൻ ദേവലോകത്തെത്തിയത്. ഒരു ഓഫീസുമൊക്കെ ചിട്ടപ്പെടുത്തി അവിടെ താമസിച്ചു. ഞാൻ അവിടെ താമസിച്ച സമയത്ത് ബാവാ വിദേശത്തേക്കു പോയി. ബാവായുടെ അസിസ്റ്റന്റായിരിക്കുമ്പോൾ അദ്ദേഹം അടുത്തില്ലാതെ ഒന്നും ചെയ്യാൻ പറ്റില്ല. ഇക്കാര്യത്തിൽ മാത്രമല്ല, മിക്ക കാര്യത്തിലും ഈ പരാധീനത ഉണ്ട്. എന്തെങ്കിലുമായി ചെല്ലുമ്പോൾ അവിടില്ല. അദ്ദേഹം പോകുംനേരത്തു എനിക്ക് ഒരു രസീതുബുക്കു തന്നു. നോമ്പിൽ കല്യാണം കഴിക്കാൻ ഒരുപാടുപേരു വരും. ആബൂന് ഉചിതമെന്നു തോന്നുന്നുവെങ്കിൽ കൊടുക്കണം. 100 രൂപ പിഴയുണ്ട്. അതു വാങ്ങി രസീതും നൽകിയേക്കണം. അത്രമാത്രമാണ് ഔദ്യോഗികമായി ഞാൻ ചെയ്തിട്ടുള്ളത്. അതിൽ ഞാൻ നിരാശി

തനാണെങ്കിലും മറ്റുചിലകാര്യത്തിൽ ഞാൻ സംതൃപ്തനായി. അസിസ്റ്റന്റ് എന്ന നിലയിൽ ഞാൻ ദേവലോകത്തുണ്ടായിരുന്നു. ദൂരെ നിന്നും കൈമുത്താനും മുത്തിക്കാനും ഒക്കെ ആളുകൾ വരുമായിരുന്നു. അവർ വരുമ്പോൾ ഒരാൾ ഉണ്ടായിരുന്നു എന്ന തോന്നൽ എനിയ്ക്കുമുണ്ടായി. വടക്കുനിന്നൊക്കെ ഒരുപാടുപേർ വരുമായിരുന്നു. അവർക്കും സന്തോഷമായി. എനിക്കും സന്തോഷമായി. ദേവലോകത്തിന്റെ പഴയകെട്ടിടത്തിന്റെ പൂമുഖത്ത് ഞാൻ ചെല്ലും. മാതാപിതാക്കളും കുഞ്ഞുങ്ങളും വരും. അവർ തറയിൽ കയറ്റുപായിൽ ഇരിക്കും. ഞാൻ കസേരയിലിരിക്കും. അവരോട് കുശലമൊക്കെ ചോദിക്കും. കുഞ്ഞുങ്ങൾക്ക് ബിസ്കറ്റും ഇറ്റുവെള്ളവും ഒക്കെ കൊടുക്കും. എന്നെ അറിയുവാനും എനിക്കറിയുവാനും ഇത് അവസരമൊരുക്കി. അവരുടെ പ്രതീക്ഷയെന്താണ്, ആഗ്രഹമെന്താണ് ഇതൊക്കെ അറിയുവാനുള്ള അവസരമായി ഞാനും കരുതി എന്നതൊഴിച്ചാൽ അസിസ്റ്റന്റ് മെത്രാപ്പോലീത്ത എന്ന ഔദ്യോഗികത എനിക്ക് ഒരു അലങ്കാരമായിരുന്നില്ല. മറിച്ച് അപമാനമായിട്ടാണ് തോന്നിയത്.

*ബോംബെ ഭദ്രാസനത്തിന്റെയും അമേരിക്കൻ ഭദ്രാസനത്തിന്റെയും പ്രഥമ മെത്രാപ്പോലീത്തയായിരുന്നുവല്ലോ. ഇപ്പോൾ യു.കെ, കാനഡ ഭദ്രാസനത്തിന്റെയും. അതാതു ഭദ്രാസനത്തിന്റെ വളർച്ചയെക്കുറിച്ച് പ്രതിപാദിക്കുമോ?*

**ആ**ദ്യകാലം മുതലേ എനിക്കുണ്ടായ ഒരു ചിന്താഗതി ബാഹ്യകേരളത്തിൽ പഠിയ്ക്കുകയും പുറത്തുള്ള പള്ളികൾക്കുവേണ്ടി പ്രവർത്തിയ്ക്കുകയും ചെയ്തതുകൊണ്ട് മലങ്കര സഭ കേരളത്തിൽ മാത്രം ഒതുങ്ങിക്കഴിയേണ്ട ഒരു സഭയല്ലായെന്ന് തുടക്കംമുതലേ എനിക്കു ബോദ്ധ്യമുണ്ടായിരുന്നു. ബാഹ്യകേരള ഭദ്രാസനങ്ങളിലെല്ലാം തുടക്കം കുറിച്ചപ്പോൾ എന്നെ അടിസ്ഥാനപരമായി ചിന്തിപ്പിച്ച ഒരു ഘടകമാണിത്. കുറച്ചുകാലം മാത്രമേ ബോംബെ ഭദ്രാസനത്തിൽ ഇരുന്നുള്ളു. ഗുജറാത്ത്, മഹാരാഷ്ട്ര ഇവിടങ്ങളിലുള്ള കൊച്ചുകൊച്ചു സ്ഥലങ്ങളിൽ ഇടവകകൾ ഉണ്ടാക്കുകയും സഭാവിശ്വാസമുള്ളവരെ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി ധാരാളം സഞ്ചരിച്ചു. ശാരീരികമായി ധാരാളം ക്ലേശിച്ചു. എങ്കിലും വലിയ ഒരു താല്പര്യമുണ്ടായിരുന്നു. എന്റെ സഭ വളരുകയാണല്ലോ എന്ന്. അന്ന് എന്നെ ഏറ്റവും അധികം സഹായിച്ച ആളാണ്





ഇപ്പോഴത്തെ അത്താനാസിയോസ് തിരുമേനി. അന്നദ്ദേഹം ഫാ.കെ.ടി.തോമസ് ആയിരുന്നു. അദ്ദേഹം അന്ന് ബറോഡയിലായിരുന്നു. എന്നെക്കൊണ്ട് അദ്ദേഹം ഇവിടെയുള്ള സ്ഥലങ്ങളിലൊക്കെ പോയി. പുതിയൊരു കാഴ്ചപ്പാട് നൽകുന്നതിൽ എന്നെ സഹായിച്ചു. മറ്റു സഭകളിലെ ആളുകളെക്കൂടി വിളിച്ചുവരുത്തി. നമ്മുടെ സഭയെപ്പറ്റി പറയുവാൻ ഈ അവസരങ്ങൾ ഉപയോഗപ്പെടുത്തി. മലയാളം അറിയാൻ പാടില്ലാത്ത ക്രിസ്തുവിശ്വാസികളോട് ഞാൻ പ്രസംഗിക്കുമായിരുന്നു. ഒരു കാര്യം ഞാൻ പ്രത്യേകം പറഞ്ഞിരുന്നു. രണ്ടായിരം വർഷം ഞങ്ങൾ ഇവിടെയുണ്ടായിരുന്നുവെങ്കിലും ആദ്യമായിട്ടാണ് ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നത്. അതിനൊരു ക്ഷമാപണം ചെയ്തുകൊണ്ടാണ് സംസാരിച്ചുതുടങ്ങിയിരുന്നത്. സഭയ്ക്കുവേണ്ടി ക്ഷമ ചോദിച്ചിരുന്നു. വളരെ മുമ്പേ തന്നെ ഈ കാര്യമൊക്കെ പറയേണ്ടിയിരുന്നതാണ്. അതിനു ഞങ്ങൾക്കു മനസ്സുവന്നില്ല. അതിന്റെ പശ്ചാത്താപം കൂടിയാണ് ഈ വരവ് എന്നും പറയുമായിരുന്നു.

എല്ലാ പ്രസംഗത്തിന്റെയും ആദ്യവാചകം ഞാൻ ചിന്തിക്കും. ആരാണ് കേൾക്കുന്നത്. എങ്ങനെയുള്ള സദസ്സാണ്. എന്തുപറഞ്ഞാൽ ബാക്കി കൂടി അവർ കേൾക്കാൻ സന്നദ്ധരാകും എന്നു ഞാൻ ചിന്തിക്കും. അതൊരു കലയായിട്ടാണ് പലരും പറഞ്ഞുകേട്ടിട്ടുള്ളത്. അത് എങ്ങനെയോ എനിക്കും കൈവന്നു.

പ്രധാനമായും അമേരിക്കൻ ഭദ്രാസനമായിരുന്നു. ബോംബെയുടെ ഭാഗമായിരുന്നു ആദ്യകാലത്ത് അമേരിക്കൻ ഭദ്രാസനം. എന്നാൽ അതു പ്രത്യേക ഭദ്രാസനമായപ്പോൾ അതിൽ കൂടുതൽ സമയം കണ്ടെത്തുവാനും പ്രവർത്തിക്കുവാനും കഴിഞ്ഞു. 1963 മുതൽ ഞാൻ അവിടെയുണ്ടായിരുന്നു. എന്റെ മനസിലെ മലങ്കര സഭ ഒരു മലയാളി സഭയായിട്ടുമാത്രം പോയാൽ പോരാ എന്ന ചിന്ത എന്നിലുണ്ടായിരുന്നു. ഒരുകാലത്ത് കോട്ടയത്തും തിരുവല്ലായിലും ആലുവായിലും ഒക്കെ ഒതുങ്ങിക്കൂടുവാൻ വിധിക്കപ്പെട്ട ഒരു സമൂഹമായിരുന്നു ഇത്. അതുപോരാ, സഭയ്ക്ക് ഒരു മോചനം ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചു. നമ്മുടെ ആളുകൾ പുതിയ മേഖലകളിലെത്തി. ഞാൻ അവിടെയുണ്ടായിരുന്നു. ദൈവം തീരുമാനിച്ചു. സഭ എന്നെ ചുമതലപ്പെടുത്തി. ഇതെല്ലാവരുടെയും സഭയാണ്. കോട്ടയംകാരുടെയോ മാവേലിക്കരക്കാരുടെയോ തിരുവല്ലാക്കാരുടെയോ മാത്രമല്ല എന്നു വരുത്തിത്തീർക്കണമെന്ന നിശ്ചയമെനിയ്ക്കുണ്ടായിരുന്നു. മലയാളിയിൽ നിന്നല്ലാതെ പുറത്തുനിന്നും ആരും വന്നു

വളർന്നിട്ടുള്ള ഒരു സഭയല്ലിത്. ഇവിടെയുള്ള കുറച്ചുപേർ അവിടെ വന്നു. ഒരു ബാങ്കിൽ നിന്നും പണം അതേ ബാങ്കിന്റെ മറ്റൊരു ബ്രാഞ്ചിൽ നിക്ഷേപിച്ചതുപോലെ. പലിശയൊന്നും കൂടിയിട്ടില്ല. അതു മാറണം എന്ന ചിന്ത എനിക്കുണ്ടായിരുന്നു. അതു വേണ്ടരീതിയിൽ മനസ്സിലാക്കുവാൻ കഴിയാതിരുന്ന ഒരു കാഴ്ചപ്പാടാണ് നമുക്കുണ്ടായിരുന്നത്. ആരേയും വിമർശിക്കുവാൻ വേണ്ടി പറയുന്നതല്ല. ഒരു സത്യം പറഞ്ഞുവെന്നുമാത്രം.

*മലങ്കരസഭാ സംരക്ഷണസമിതി എന്നൊരു പ്രസ്ഥാനം തുടങ്ങുവാനും അതിന്റെ പ്രസിഡന്റാകുവാനും കഴിഞ്ഞിട്ടുണ്ടല്ലോ. ഇത്തരമൊരു സംഘടനയുടെ അന്നത്തെ പ്രസക്തിയെന്തായിരുന്നു?*

**അ**ന്നത്തെ കാലത്ത് ഇങ്ങനെയുള്ള കാര്യങ്ങളിൽ ബോധവാന്മാരാക്കുക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം. വടക്കൻപ്രദേശങ്ങളിൽ ഒരുപാടു സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. കൂട്ടിവരുത്തുവാൻ എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹം എനിയ്ക്കുണ്ടായിരുന്നു. ഒരു സംഘടനയിലൂടെയും അതിന്റെ പോഷകഘടകങ്ങളിലൂടെയും മാത്രമേ ഇതിനു കഴിയുകയുള്ളുവെന്ന് എനിയ്ക്കറിയാമായിരുന്നു. അങ്ങനെയാണ് ഇതിനു രൂപം നൽകുന്നത്. എന്റെ ശ്രമമായതുകൊണ്ട് എന്നെ അതിന്റെ പ്രസിഡന്റാക്കി. അതാണല്ലോ നമ്മുടെ രീതി. പിന്നീട് ആ പ്രസ്ഥാനം പ്രവർത്തനരഹിതമായി.

*വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ഡൽഹിസമ്മേളനത്തിൽ വച്ചായിരുന്നുവല്ലോ കാന്റർബറി ബിഷപ്പിനെ കാണുന്നതും പരിചയപ്പെടുന്നതും. ജീവിതത്തിന്റെ മറ്റൊരു വഴിത്തിരിവായി അതിനെ കണക്കാക്കാമല്ലോ. മരണത്തെ മുഖാമുഖം കണ്ട നാളുകളുമായിരുന്നുവല്ലോ അത്? വിശദീകരിക്കാമോ.*

**ല**ണ്ടനിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് വേൾഡ് ചർച്ചസ് കൗൺസിലിന്റെ മൂന്നാമത് അസംബ്ലി ഡൽഹിയിൽ വച്ച് നടത്തണമെന്നു തീരുമാനമുണ്ടാകുന്നത്. ആദ്യം സിലോണിൽ വച്ച് നടത്താനായിരുന്നു തീരുമാനിച്ചിരുന്നത്. അവിടുത്തെ പ്രധാനമന്ത്രി ബണ്ഡാരനായിക്കിനെയോ മറ്റോ വെടിവച്ചുകൊന്നതുകാരണം അതു ഉപേക്ഷിക്കേണ്ടിവന്നു. നെഹ്റുവുമായി ബന്ധപ്പെട്ട് ഡൽഹിയിലാക്കി. ഡൽഹിയിൽ നടത്തണമെന്ന തീരുമാനമായപ്പോൾ ജനീ





വയിൽ ആയിരുന്ന എന്നെ വിളിപ്പിച്ചു. ഞാൻ ലണ്ടനിലെത്തി. അതിലെ ഒരംഗമായി പ്രവർത്തിക്കുവാനായി ഡൽഹിയിലേക്കു മടങ്ങുവാൻ നിർദ്ദേശിച്ചു. കഴിഞ്ഞ പത്തുവർഷങ്ങളായി ഞാൻ ഡൽഹിയിലായിരുന്ന വിവരം അവർക്കറിയാമായിരുന്നു. എനിക്കും സന്തോഷമായി. കഴിയുന്നതൊക്കെ ചെയ്യാം എന്ന ഉറപ്പും നൽകി. ചർച്ചസിനെയും ഡൽഹിയേയും ഒരേ രീതിയിൽ അറിയാവുന്നവർ ചുരുക്കമാണെന്നും അതിൽ എന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തുകയാണെന്നും അവർ പറഞ്ഞു. ഡൽഹിയിൽ വന്നു. വേൾഡ് കൗൺസിലിന്റെ സ്റ്റാഫിൽ വർക്ക് ചെയ്തു. പത്തനാപുരത്തു തോമസ് മാർ ദീവന്നാസിയോസ് തിരുമേനി, വി.സി.സാമുവേൽ അച്ചൻ, കെ.ഫിലിപ്പോസ് അച്ചൻ, പോൾ വർഗീസ് അച്ചൻ, എം.എം.തോമസ്, കെ.എം.ചെറിയാൻ ഇവരൊക്കെയാണ് അന്നത്തെ പ്രതിനിധികൾ. ഇൻഫറമേഷൻ വിഭാഗത്തിലായിരുന്നു ഞാൻ. കാന്റർബറി ആർച്ച് ബിഷപ്പ് മുതൽ നമ്മുടെ തിരുമേനിമാർ വരെ നീണ്ട ക്യൂവിൽ നിൽക്കുകയാണ്. അവർ ഇങ്ങനെ ക്യൂവിൽ നിൽക്കുന്നതു കാണുമ്പോൾ എനിയ്ക്കൊരു പോരായ്മ തോന്നി. എഴുത്തുകൾ ഞാൻ നമ്മുടെ തിരുമേനിമാരുടെ കൈയിൽ കൊടുക്കും. കാന്റർബറിക്കും എഴുത്തു കൊണ്ടുക്കൊടുത്തു. എന്നാൽ അദ്ദേഹം അതു സ്വീകരിച്ചില്ല. എന്റെ ഊഴം വരുമ്പോൾ ഞാൻ സ്വീകരിച്ചോളാം എന്നു പറഞ്ഞു എന്നെ മടക്കി.

ഒരുദിവസം രാവിലെ എനിക്ക് മുഖത്തൊക്കെ ഒരു മരവിപ്പ് ഫീലുചെയ്തു. ഞാൻ താമസിക്കുന്ന മുറിയുടെ അടുത്ത് ഒരു അമേരിക്കൻ ഡോക്ടർ ഗസ്റ്റായിട്ട് താമസിക്കുന്നുണ്ട്. ഞാൻ അദ്ദേഹത്തിന്റെ അടുത്തുപോയി. അദ്ദേഹം എന്നെ പരിശോധിച്ചു. രോഗമെന്താണെന്ന് അദ്ദേഹത്തിനു മനസ്സിലായില്ല. അദ്ദേഹം ഒരു ഡോക്ടറെ റെക്കമെൻഡ് ചെയ്തു. റെക്കമെൻഡ് ചെയ്തത് ഒരു മലയാളി ഡോക്ടറെയാണ്. മാവേലിക്കരക്കാരിയായ ഒരു ലേഡി ഡോക്ടർ. സി.എസ്.ഐയിലുള്ള മിസ് മാത്യു. ഇപ്പോൾ മിസിസ് മാത്യുവാണ്. ലുധിയാനയിലെ ഡോക്ടർ. അവർ എന്നെ പരിശോധിച്ചു. അവർക്കും പിടികിട്ടിയില്ല. ദിവസവും രാവിലെ ഡോക്ടറെ കാണും. അതു കഴിഞ്ഞ് അവരുടെ അപ്പാർട്ട്മെന്റിൽപോയി കാപ്പിയും കുടിച്ചു കോൺഫറൻസിനു പോകും. ഒരുദിവസം ന്യൂറോളജിയിലെ മറ്റു ഡോക്ടർമാരെയും അവർ കൂട്ടി. ഡോ.ഗൈൻഡ് (ഇംഗ്ലണ്ടുകാരൻ). അയാൾ എന്നെ പരിശോധിച്ചു. എന്നെ ആൻജി

യോഗ്രാം ചെയ്യണമന്ന് മിസ് മാത്യുവിനോടു പറഞ്ഞു. ഡൈ അടിച്ചു കയറ്റി ബ്രയിൻ നോക്കുന്ന രീതിയാണത്. ആൻജിയോഗ്രാം ചെയ്തപ്പോൾ ഞാൻ ഫെയിന്റ് ചെയ്തു. പെട്ടെന്നു തന്നെ അവർ എല്ലാവരേയും അറിയിച്ചു. ഫെയിന്റ് ചെയ്തു, തെളിയുന്നില്ല. എന്താണെന്നറിഞ്ഞുകൂടാ. കേട്ടപാടെ അറിയാവുന്നവരെല്ലാം ഹോസ്പിറ്റലിനു ചുറ്റും കൂടി. എന്നെ അവിടെ അഡ്മിറ്റ് ചെയ്തു. 1960–61ലാണ് ഈ സംഭവം. വെല്ലൂരിലുള്ള കോട്ടയംകാരനായ പ്രസിദ്ധ ന്യൂറോ സർജനായ ഡോ.ചാണ്ടിയെ അറിയിയ്ക്കുവാൻ പോകുകയാണെന്നു അവർ പറഞ്ഞു. ഡോ.ചാണ്ടി അന്ന് ഇന്ത്യൻ പ്രസിഡന്റായ ഡോ. രാജേന്ദ്രപ്രസാദിന്റെ ഡോക്ടർ കൂടിയാണ്. ഇടവകക്കാർ എന്നെ താമസിപ്പിച്ചത് എം.എം.തോമസിന്റെ വീട്ടിലാണ്. ഡോ.ചാണ്ടി അവിടെ വന്നു. പരിശോധിച്ചു. മിസ് മാത്യു നേരത്തെ പറഞ്ഞിരുന്നു ബ്രയിൻ ട്യൂമറാണെന്ന സംശയം ഉണ്ടെന്ന്. എക്സ്റേയെടുത്തു. ട്യൂമർ കണ്ടെത്തി. രണ്ടു കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. അച്ചനായതുകൊണ്ടു പറയുകയാണ്. സാധാരണ പേഷ്യൻസിനോടു പറയുകയില്ല. ആറു മാസത്തിൽ അധികം ജീവിക്കുകയില്ല. ഞാൻ സേർവ് നടത്താം. അതു വിജയിച്ചാൽ കുറേക്കാലം കൂടി ജീവിക്കും. ചിലപ്പോൾ ഓപ്പറേഷൻ തീയേറ്ററിൽ മരിക്കുകയും ചെയ്യും. അത് റിസ്കാണ്. അച്ചന്റെ അഭിപ്രായം അറിയണം.

ഞാൻ വൈ.എം.സി.എയിൽ പോയി. അവിടെവച്ച് എനിക്ക് ഒരു ഡബിൾ വിഷൻ വന്നു. എങ്ങോട്ടു നോക്കിയാലും രണ്ടായിട്ടു കാണും. പള്ളിയിൽ വച്ച് ഞാൻ തമാശയായി പറയുമായിരുന്നു. പടിഞ്ഞാറോട്ടു നോക്കുമ്പോൾ പള്ളി നിറച്ച് ആളാണെന്ന്. വൈ.എം. സി.എയുടെ സെക്കന്റ് ഫ്ളോറിൽ ഞാൻ കണ്ണ് അടച്ചും തിരുമ്മിയും ഒക്കെ ഇരിക്കുകയാണ്. ഒരു കണ്ണ് അടച്ചുവച്ചിരിക്കുകയാണ്. ക്ലിമ്മീസ് തിരുമേനിയും ഒരു മദാമ്മയും കൂടി താഴെ നിൽക്കുന്നു. തിരുമേനി എന്നെ കണ്ടു. ഞങ്ങൾ അച്ചനെ അന്വേഷിച്ചുവരുകയായിരുന്നു എന്ന് അദ്ദേഹം. ഞാൻ കാരണമന്വേഷിച്ചു.

ഈ സ്ത്രീ ഒരു ബിഷപ്പിന്റെ ഭാര്യയാണ്. ആംഗ്ലിക്കൻ ബിഷപ്പിനോടൊപ്പം കോൺഫറൻസിൽ വന്നതാണ്. ഷോപ്പിംഗിനു പോയാൽ കൊള്ളാം. ക്ലിമ്മീസ് തിരുമേനിക്ക് ഹിന്ദി അറിയാത്തതിനാൽ ഞാൻ കൂടി ചെല്ലാമോയെന്നു ചോദിച്ചു. ഞാൻ വരാമെന്നു പറഞ്ഞു. തിരുമേനി അങ്ങുപോയി. വൈകിട്ടുവരാമെന്നു മദാമ്മ പറഞ്ഞു. അതിൻപ്രകാരം വൈകിട്ട് വേറെ നാലു സ്ത്രീകളുമായി വന്നു.





ഒന്ന് കാന്റർബറി ആർച്ചുബിഷപ്പിന്റെ വൈഫ്. ഒന്ന് യോർക്കാർ ആർച്ചുബിഷപ്പിന്റെ വൈഫ്. ഇങ്ങനെയുള്ള പ്രഗത്ഭരാണ്. ഞാൻ അവരെയുംകൂട്ടി ഷോപ്പിംഗിനു പോയി. പിറ്റേദിവസവും പോയി. ഇതിനിടയിൽ എന്റെ രോഗവിവരമൊക്കെ അവർ ചോദിച്ചു. പിറ്റേദിവസം കാന്റർബറി ആർച്ചുബിഷപ്പിന്റെ ഒരു വലിയ സൽക്കാരം ബ്രിട്ടീഷ് എംബസിയിൽ ഉണ്ടായിരുന്നു. അബാസിഡർ നൽകിയതാണ്. ഞങ്ങളൊക്കെ സ്റ്റാഫ് മെമ്പേഴ്സ് എന്ന നിലയിൽ അവിടെയെത്തി. ഏതാണ്ട് ഒരു ഇരുന്നൂറുമുന്നൂറുപേരുണ്ട്. പലരേയും പരിചയപ്പെട്ടും സംസാരിച്ചും ഒരു കണ്ണുമായി ഇങ്ങനെ നടക്കുമ്പോൾ ഒരു ബിഷപ്പ് എന്നെ വന്നു നോക്കിയിട്ട് എന്റെ നെയിം ടാഗ് വായിച്ചിട്ടു പറഞ്ഞു. യു ആർ ഫാ.തോമസ്, യു ആർ ദ റാസ്ക്കൽ ഹു കിഡ്നാപ്പ്ഡ് മൈ വൈഫ് ലാസ്റ്റ് ഡെ.

അങ്ങനെ ബിഷപ്പുമായി പരിചയമായി. ന്യൂയോർക്കിൽ ബഫലോ എന്ന സ്ഥലത്തെ ബിഷപ്പായിരുന്നു അദ്ദേഹം. ഞങ്ങൾ തമ്മിൽ പരിചയമായി. കോൺഫറൻസ് തീരാറായപ്പോൾ അദ്ദേഹം എന്നോടു ചോദിച്ചു. അമേരിക്കയ്ക്കുവരുവാൻ താല്പര്യമുണ്ടോയെന്ന്. സ്കോളർഷിപ്പ് കിട്ടുകയാണെങ്കിൽ വരാമെന്നു പറഞ്ഞു. അല്ലാതെവരാനുള്ള കഴിവില്ല. അദ്ദേഹമതേറ്റു. അദ്ദേഹത്തിന്റെ സ്കോളർഷിപ്പിലാണ് ഞാൻ അമേരിക്കയിലേക്കു പോകുന്നത്. ഞാൻ അപ്ലൈ ചെയ്തതുമല്ല, മറ്റാരും സഹായിച്ചതുമല്ല.

ഞാൻ വെല്ലൂർക്ക് പോയി. എന്റെ ഡൽഹി പള്ളിക്കാരോടൊക്കെ യാത്ര പറഞ്ഞു. തിരിച്ചുവരുമോ എന്ന് അറിയാൻ പാടില്ല. നിങ്ങൾ പ്രാർത്ഥിച്ചോണം. ഒരു കാര്യത്തിനുമാത്രം പ്രാർത്ഥിച്ചാൽമതി. ഇത് സുഖപ്പെടുമോ ഇല്ലയോ എന്നറിയില്ല. എന്തെങ്കിലും എനിക്കു വരികയാണെങ്കിൽ നിങ്ങളുടെ വികാരി എന്ന നിലയിൽ, മലങ്കര സഭയിലെ ഒരു വൈദികനെന്ന നിലയിൽ അത് നേരിടുവാനുള്ള കഴിവ് എനിക്കു നൽകണമേയെന്ന് പ്രാർത്ഥിക്കണം. വീട്ടിൽപോയി. അമ്മയോടും അപ്പനോടും യാത്രപറഞ്ഞു. കുറിച്ചി ബാവായോടു യാത്ര പറഞ്ഞു. വെല്ലൂർക്ക് പോകുകയാണെന്നും പ്രാർത്ഥിക്കണമെന്നും പറഞ്ഞു. മുട്ടുകുത്തി തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. കുറിച്ചി ബാവായുടെ കണ്ണു നിറയുന്നതു ഞാൻ കണ്ടു. അദ്ദേഹത്തിനോടൊപ്പം കേസുപറഞ്ഞ താല്പര്യക്കൂടുതലുമുണ്ട്. ചാപ്പൽ ചൂണ്ടിക്കാട്ടിയിട്ട് അവിടെ പോയി പറയാൻ പറഞ്ഞു. ഞാൻ പോയി പ്രാർത്ഥിച്ചിട്ട് വന്നു. ദൈവത്തിനോട് പറഞ്ഞു. എന്നോടൊന്നും പറ

ഞ്ഞില്ല. ദൈവത്തിനിഷ്ടമുണ്ടെങ്കിൽ ജീവിക്കും. അവിടെയാണാവശ്യമെങ്കിൽ അങ്ങനെയുമാകാം. ഞാൻ അവിടെനിന്നും പോയി. അന്നു രാത്രിയിൽ എറണാകുളത്തുനിന്നും ട്രെയിനിൽ യാത്രയായി. എന്റെ ഐലിഡ് താഴോട്ടുവന്ന് അടഞ്ഞിരുന്നു. കിടക്കുമ്പോൾ ഞാനോർത്തു. ഇത് അവസാന രാത്രിയാണ്. ചിന്താഭാരത്തോടുകൂടി കിടന്നു. വെളുപ്പിന് അഞ്ചുമണിക്ക് കാൽപ്പാടി സ്റ്റേഷനിൽ ട്രെയിനെത്തി. ഞാൻ എഴുന്നേറ്റ് ബാത്ത്റൂമിൽ പോയി മുഖം കഴുകിയശേഷം കണ്ണാടിയിൽ നോക്കിയപ്പോൾ അടഞ്ഞ ഐലിഡ് നോർമലായിരിക്കുന്നു. പുറത്തോട്ടു നോക്കിയപ്പോൾ ഡബിൾ വിഷനുമില്ല. ഞാനാകെ ഭയന്നു. അമ്മ പറഞ്ഞുകേട്ടിട്ടുണ്ട് മരിക്കാറാകുമ്പോൾ എല്ലാം നോർമലാകുമെന്ന്. സ്റ്റേഷനിലെത്തി. പെട്ടെന്ന് ഇറങ്ങി ഒരു ടാക്സിക്കാരനെ വിളിച്ച് ഹോസ്പിറ്റലിൽ പോയി. എന്നെ അഡ്മിറ്റ് ചെയ്തു. ഡോ.ചാണ്ടിയും സഹപ്രവർത്തകരും വന്നു. അദ്ദേഹത്തിനും അതിശയം. ഇതൊക്കെ എങ്ങനെ പോയി എന്നു ചോദിച്ചു. ഇത് ബ്രയിൻ ടൂമറല്ലല്ലോ. ഡോക്ടർ ബ്രയിൻ ടൂമർ ഐഡന്റിഫൈ ചെയ്തതാണല്ലോ എന്ന സംശയം ബാക്കി. രണ്ടു മാസം എന്നെ അവിടെ കിടത്തി. സർവ്വ ടെസ്റ്റും ചെയ്തു. ഡോ.ചാണ്ടിയും ഒമ്പതാണോ പതിനാറാണോ എന്ന് ഇപ്പോൾ എനിക്കു ഓർക്കാൻ കഴിയുന്നില്ല, ന്യൂറോളജിസ്റ്റുകളും കൂടി വന്നു. ഒരു കാര്യം അദ്ദേഹം പറഞ്ഞു. മെഡിക്കൽ സയൻസിന് മനസ്സിലാകാത്ത ഒരുപാടു കാര്യങ്ങൾ ഇപ്പോഴുമുണ്ട്. അതേ ഇതിനെക്കുറിച്ചു ഞങ്ങൾക്കു പറയുവാനുള്ളു. എന്നെ ഡിസ്ചാർജു ചെയ്തു.

അതിനുശേഷം എനിക്ക് സ്കോളർഷിപ്പ് കിട്ടി. ഞാൻ അമേരിക്കയിൽ പോയി. ഞാൻ എന്റെ കുട്ടികളോട് പറയാറുണ്ട്. ആറു മാസം ജീവിതം അനുവദിച്ചുകിട്ടിയ ജീവിതമായിരുന്നു ഇതെന്ന്. പല കോളജുകളിൽ പഠിപ്പിച്ചു. അതിനൊക്കെ ബിഷപ്പ് അവസരം ഒരുക്കിത്തന്നു. അദ്ദേഹത്തിന്റെ വീട്ടിൽ താമസമായി. പഠിക്കാൻ പോകുമ്പോൾ കോളജിലെ ഡോർമിറ്ററിയിൽ താമസിക്കും. ഒഴിവു കിട്ടുമ്പോൾ അദ്ദേഹത്തിന്റെ വീട്ടിൽ വന്നും താമസിക്കും. ഒരിക്കൽ അദ്ദേഹം എന്നോടു പറഞ്ഞു. ഇനി അധികനാൾ ഞാൻ ഉണ്ടാവില്ല. ഒരു വിൽ എഴുതാനുദ്ദേശിക്കുന്നു. എനിക്കെന്തുവേണമെന്നു പറഞ്ഞാൽ അത് ഞാൻ വില്ലിൽ എഴുതാമെന്ന്. മരിക്കുന്ന ഒരാളിനോട് എനിക്ക് ഇന്നതാണ് വേണ്ടതെന്നു പറയുക ശരിയല്ലല്ലോ. അദ്ദേഹം എന്നെ നിർബന്ധിച്ചു. ആരും ചോദിക്കാത്ത ഒരു കാര്യം





ഞാൻ ചോദിക്കാം. ബിഷപ്പിന്റെ ബുക്സ് എല്ലാം എനിക്കു തന്നാൽ മതിയെന്നു പറഞ്ഞു. ആ ബുക്സുകളാണ് കോട്ടയം പഴയസെമിനാരിയിൽ എന്റെ മുറിയുടെ തൊട്ടടുത്തു കാണുന്നത്.

അദ്ദേഹം മരിച്ചപ്പോൾ ഫ്യൂണറൽ ഒക്കെ ഞാനുംകൂടിയാണ് നടത്തിയത്. എനിക്ക് ഡോക്ടറേറ്റ് കിട്ടുന്നതിനു മുമ്പ് അദ്ദേഹം മരിച്ചു. അതെനിക്കു സങ്കടമായിപ്പോയി. 72 മുതൽ 75വരെ മൂന്നു വർഷം ഞാൻ സെമിനാരിയിൽ പഠിപ്പിക്കാൻ വന്നു. അക്കാലത്താണ് ഞാൻ ബിഷപ്പാകുന്നത്.

*അർമേനിയൻ കാതോലിക്കോസ് വസ്കൻ കാന്റർബറി ബിഷപ്പിനു നൽകിയ മോതിരമാണല്ലോ ഇപ്പോൾ അങ്ങയുടെ കൈവശമുള്ളത്. വൈകാരികതയുടെ പ്രതിഫലനം കൂടിയായ അതിനെക്കുറിച്ച് പറയുമോ?*

**എ**ക്യുമെനിക്കൽ റിലേഷൻഷിപ്പായിരുന്നു മെയിനായിട്ട്. അതിൽ ആംഗ്ലിക്കൻ ചർച്ചിനെ കോൺസൻട്രേറ്റു ചെയ്താണ് പഠനം നടത്തിയത്. മെത്രാപ്പോലീത്തായായിട്ട് ഞാൻ തിരിച്ച് അമേരിക്കയിൽ പോയി. ബിഷപ്പിന്റെ ഭാര്യയെ കാണുവാൻ പോയി. എനിക്ക് ആ കുടുംബത്തോടു വലിയ കടപ്പാടുണ്ടായിരുന്നു. അതിനു നന്ദി പറയേണ്ടത് ആവശ്യവുമായിരുന്നു. ഞാൻ ചെന്നപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ മുറിയിൽ പോയി ഒരു ചെറിയ ചെപ്പ് എടുത്തുകൊണ്ടുവന്നു. അദ്ദേഹം മരിക്കുന്നതിനു മുമ്പ് ഏല്പിച്ചതാണെന്നും ഞാൻ ബിഷപ്പാകുമെന്നും എന്നെങ്കിലും വരുമ്പോൾ നൽകണമെന്നും പറഞ്ഞിരുന്നുവെന്ന് അവർ പറഞ്ഞു. ആ ചെപ്പിൽ ഒരു മോതിരമായിരുന്നു. അതാണെന്റെ വിരലിലണിഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന്റെ ഔദ്യോഗിക മോതിരമായിരുന്നു. വൈകാരികമായ ഒരു സന്ദർഭമായിരുന്നു അത്. അർമേനിയൻ സഭയ്ക്ക് ഈ ബിഷപ്പ് ഒരുപാടുകാര്യങ്ങൾ ചെയ്തുകൊടുത്തതിന്റെ നന്ദിയായിട്ട് കാതോലിക്കോസ് വസ്കൻ ഉണ്ടാക്കിച്ച് ബിഷപ്പിന് നൽകിയതാണ്. ഇപ്പോഴത് എനിക്കും. അർമേനി കാതോലിക്കോസ് വസ്കൻ ഗീവ് ടു ബിഷപ്പ് സ്കേഫ് എന്ന് ഈ മോതിരത്തിനുള്ളിൽ എഴുതിയിട്ടുണ്ട്.

*മാതാപിതാക്കളെക്കുറിച്ച്?*

**അ**പ്പൻ 104-ാം വയസ്സിൽ ആറുവർഷം മുമ്പ് മരിച്ചു. കുറ്റിക്കണ്ടത്തിൽ ചാക്കോ എന്നായിരുന്നു പേര്. മരിക്കുമ്പോൾ അമ്മയ്ക്ക്

102 വയസ്സുണ്ടായിരുന്നു. അമ്മയുടെ പേര് മറിയാമ്മ. ഞങ്ങളുടെ കുടുംബം ഒരു കൊച്ചു സഭയായിരുന്നു. സന്ധ്യാപ്രാർത്ഥന, പ്രഭാതപ്രാർത്ഥന, നോമ്പുകൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ മാതാപിതാക്കൾ വളരെ നിഷ്കർഷയുള്ളവരായിരുന്നു. വെളുപ്പിന് അഞ്ചു മണിക്ക് എഴുന്നേല്ക്കും. പ്രാർത്ഥനയിൽ ദിവസം ആരംഭിക്കും. വൈകിട്ട് പ്രാർത്ഥനയ്ക്കുശേഷമേ ആഹാരം കഴിക്കുകയുള്ളു. എല്ലാ കാര്യത്തിലും ചിട്ടയായിരുന്നു. അതിന്റെ സ്വാധീനം വളരെ വലുതായിരുന്നു. ഞങ്ങൾ വെളുപ്പിനെ പ്രാർത്ഥിക്കാൻ എഴുന്നേറ്റു വരുമ്പോഴേയ്ക്കും അമ്മ പ്രാർത്ഥന തുടങ്ങിക്കഴിയും.

എല്ലാദിവസവും കണികാണുന്നത് തലയിൽ തുണിയിട്ടിരുന്നു പ്രാർത്ഥിക്കുന്ന അമ്മയെയാണ്. അത്രയും സ്വാധീനം മറ്റൊന്നിൽ നിന്നും കിട്ടിയിട്ടില്ല. ഇപ്പോഴും മനസ്സിൽ പൊന്തിനിൽക്കുന്ന ഒരു കാഴ്ചയാണത്. ഇത്രയും വെളുപ്പിന് എഴുന്നേല്ക്കുന്നത് എന്തിനാണെന്ന് അമ്മയോടു കുട്ടിയായ ഞാൻ ചോദിച്ചിട്ടുണ്ട്. വലിയ വിദ്യാഭ്യാസമുള്ള ആളായിരുന്നില്ലെങ്കിലും ഉള്ളറിവുള്ള സ്ത്രീയായിരുന്നു. പട്ടിയും പൂച്ചയും ഒക്കെ വെളുപ്പിന് എഴുന്നേറ്റ് കുരയ്ക്കുന്നതും മറ്റും ദൈവത്തെ വന്ദിക്കുകയാണ്. പക്ഷികൾ പാടുകയും പൂക്കൾ വിരിഞ്ഞ് സൗരഭ്യം പരത്തുകയും ചെയ്യുന്നതൊക്കെ ദൈവത്തെ സ്തുതിക്കുവാനാണ്. കോഴി കൂവുന്നത് മേല്പോട്ടുനോക്കിയാണ്. പൂവ് വിരിയുന്നതും മേല്പോട്ടുനോക്കിയാണ്. സ്രഷ്ടാവിനെ അംഗീകരിക്കുന്ന കർമ്മങ്ങളാണ് ഇതൊക്കെ. മനുഷ്യനെയാണ് ഇതിന്റെയൊക്കെ മകുടമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പ്രകൃതിയുണർന്ന് മഹത്വപ്പെടുത്തുമ്പോൾ മനുഷ്യൻ കിടന്ന് ഉറങ്ങുന്നത് ശരിയല്ല. നമ്മളാദ്യം നമസ്കാരം തുടങ്ങണം. അതുകേട്ടിട്ടുവേണം മറ്റു ജീവജാലങ്ങൾ നമസ്കരിക്കാൻ. അമ്മയ്ക്ക് അമ്മയുടേതായ ഒരു തിയോളജിയുണ്ടായിരുന്നു.

*മനുഷ്യൻ പുരോഹിതനാണെന്നും, ചുറ്റുപാട് ഇടവകയാണെന്നുമുള്ള ഒരു കാഴ്ചപ്പാട് മാതാവിന് ഉണ്ടായിരുന്നതായി അങ്ങയിൽ നിന്നും കേട്ടിട്ടുണ്ട്. അതൊരു തിയോളജിയായി അങ്ങയിലും രൂപപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ച് ഒന്നു വിശദീകരിക്കുമോ?*

**അ**തെ, ഇപ്പോൾ ഞാനതു പഠിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ പുരോഹിതനാണ്. അവന്റെ ഇടവകയാണ് അവന്റെ ചുറ്റുപാട്. പട്ടിയും പൂച്ചയും പൂവും എല്ലാം ഇടവകയിലെ അംഗങ്ങളാണ്. ഇടവകക്കാർ പ്രാർത്ഥിക്കുന്നത് പുരോഹിതൻ പ്രാർത്ഥന തുടങ്ങിയിട്ടു വേണം. അതു നിങ്ങൾ മറക്കരുത്. നിങ്ങൾ പള്ളിയിൽ ചെല്ലുമ്പോൾ അച്ചൻ ഉറങ്ങുകയാണെന്നു കണ്ടാൽ നിങ്ങൾക്കെന്തു തോന്നും. യോനയ്ക്കു പറ്റിയ അബദ്ധമതായിരുന്നുവെന്ന് അമ്മ പറയുമായിരുന്നു. ആരാധനയ്ക്കു നേതൃത്വം കൊടുക്കേണ്ടവൻ മറ്റുള്ളവർ ആരാധിക്കുമ്പോൾ കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങി. അതു നിങ്ങൾക്കു വരാൻ പാടില്ല. ഉറങ്ങുന്നവരെ നിങ്ങൾ എഴുന്നേറ്റ് സ്തുതിപ്പിൻ എന്ന ഉദാഹരണം സങ്കീർത്തനപുസ്തകത്തിൽ നിന്നും അമ്മ പറഞ്ഞുതരുമായിരുന്നു. എന്നിട്ട് ഒരു ലിസ്റ്റ് കൊടുക്കുകയാണ്. ആകാശത്തിലെ നക്ഷത്രങ്ങളെ കർത്താവിനെ സ്തുതിപ്പിൻ എന്നു തുടങ്ങിയ സങ്കീർത്തനഭാഗം. ദൂതന്മാരുടെയും പുരോഹിതന്മാരാണ് നമ്മളെന്നാണ് അതിൽ നിന്നും മനസ്സിലാകുന്നത്. ആഴിയും ആകാശവും എല്ലാം സ്തുതിപ്പിൻ എന്നു പറയുന്ന നമ്മൾ അവർക്കുമുമ്പേ എഴുന്നേൽക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കളുടെ പെരുമാറ്റവും ചിട്ടയും മെച്ചപ്പെട്ട ഒരു കുടുംബമായിത്തീരുവാനും ഇടയാക്കി. ഞാൻ മെത്രാനാകുന്നതിനു മുമ്പ് റമ്പാനാകുവാൻ മസ്നപ്സാ എന്റെ തലയിൽ ഇട്ടപ്പോൾ ഞാൻ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയോടു പറഞ്ഞു. ഇതെന്റേതല്ല. എന്റെ യോഗ്യതയല്ല. അമ്മയുടെ തലയിലെ പ്രാർത്ഥനാസമയത്തെ ഒരിറ്റുതുണി ഇപ്പോൾ ഇങ്ങനെ എന്റെ തലയിൽ വന്നുവെന്നേയുള്ളു. അമേരിക്കയിൽ എന്റെ സ്റ്റുഡൻസ് എന്നോട് ബിഷപ്പ് ആക്കിയതാരെന്നു ചോദിക്കുമ്പോൾ അമ്മയാണെന്നു ഞാൻ പറയും. അഞ്ചുമണിക്കുള്ള എഴുന്നേല്പ് ഇപ്പോഴും മുടങ്ങിയിട്ടില്ല. പലപ്പോഴും നാലു മണിയ്ക്കാണ് എഴുന്നേൽക്കുന്നത്. കുടുംബത്തിലെ സ്വാധീനം എന്റെ സഹോദരങ്ങളിലും വന്നു. സഹോദരങ്ങൾ അച്ചന്മാരായി. സഹോദരി സിസ്റ്ററുമായി. കുടുംബത്തിന്റെ രീതികൊണ്ടാണ് ഞങ്ങൾ ഇങ്ങനെയൊക്കെയായത്. അല്ലാതെ ഞങ്ങളുടെ ആത്മീയത കൊണ്ടോ വിദ്യാഭ്യാസം കൊണ്ടോ ഒന്നുമല്ല. അന്നത്തെ പരിശീലനം കൊണ്ടു കിട്ടിയ ചില ദൈവകൃപയാണെന്നു പറയാം.

○

# നിയുക്ത കാതോലിക്ക

**ഫാ.ഫിലിപ്പോസ് ഫിലിപ്പ് തേവർക്കാട്ടിൽ**
സെക്രട്ടറി, കാനഡ ഭദ്രാസനം

**മ**ലങ്കര ഓർത്തഡോക്സ് സഭ ആഗോള സഭയാണെങ്കിലും കേരളത്തിൽ സഭയുടെ പ്രതിച്ഛായ ഇന്ന് തികച്ചും ശോചനീയാവസ്ഥയിലാണ്. മിഷൻ രംഗത്തു ചില പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും കേരളത്തിലെ സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിൽ സഭ തീർത്തും അവഗണിക്കപ്പെട്ട നിലയിലാണ്. സഭയിലെ ആഭ്യന്തര പ്രശ്നങ്ങളും നേതൃത്വത്തിലുള്ള പലരുടേയും പിടിപ്പുകേടും പല രംഗങ്ങളിലുമുള്ള കഴിവില്ലായ്മയും സഭാ വിശ്വാസികളെ അലട്ടിക്കൊണ്ടിരിക്കുന്ന സംഗതിയാണ്.

മലങ്കര സഭ ആത്മീയമായി ഉയരുന്നില്ല എന്നുള്ളതും സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ തഴയപ്പെടുന്നു എന്നുള്ളതുമായ യഥാർത്ഥ വസ്തുത മറച്ചുവച്ചിട്ടു കാര്യമില്ല. പണപ്പിരിവും അതിന്റെ വിനിയോഗങ്ങളുമാണ് സഭയുടെ പ്രധാന ദൗത്യം എന്നു ചിന്തിക്കുന്ന നേതാക്കളും കുറവല്ല. മറ്റു സഭകളുടെയും സമുദായങ്ങളുടെയും ഇടയിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു ഒരു കാലത്തുണ്ടായിരുന്ന അംഗീകാരവും പ്രമാണിത്വവും ഇന്നില്ലായെന്നതു ദുഃഖസത്യമായി അവശേഷിക്കുന്നു. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ടു മറ്റു സഭകളോടും സമുദായങ്ങളോടും സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു നേതൃത്വത്തെയാണ് സഭാമക്കൾ ആഗ്രഹിക്കുന്നത്.

## രാഷ്ട്രീയമായി സഭ താഴ്ത്തപ്പെടുന്നു

കേരളത്തിലെ മറ്റു സഭകൾക്കും സമുദായങ്ങൾക്കും കിട്ടുന്ന രാഷ്ട്രീയ പരിഗണനകൾ മലങ്കര സഭയ്ക്ക് കിട്ടുന്നില്ലായെന്നു സഭാനേതൃത്വം പോലും വിലപിക്കുന്ന സംഗതിയാണ്. ഒരുകാലത്ത് കേരളനിയമസഭയിലും മന്ത്രിസഭയിലും ഓർത്തഡോക്സ് സഭയ്ക്കു മാന്യമായ, അർഹമായ പ്രാതിനിധ്യം ഉണ്ടായിരുന്നുവെങ്കിൽ ഇന്നു യു.ഡി.എഫിനും എൽ.ഡി.എഫിനും സഭയെ അവഗണിക്കാനുള്ള സാഹചര്യം ഉണ്ടാക്കികൊടുത്തത് സഭാനേതൃത്വത്തിന്റെ കഴിവില്ലായ്മകൊണ്ടാണ് എന്നതിനു തർക്കമില്ല. ഓർത്തഡോക്സ് സഭയ്ക്ക് നല്ല വേരോട്ടമുള്ള മദ്ധ്യതിരുവിതാംകൂറിലെ പല മണ്ഡലങ്ങളിലും യു.ഡി.എഫും, എൽ.ഡി.എഫും സ്ഥാനാർത്ഥിത്വത്തിൽ നിന്നും ഒരുപോലെ ഓർത്തഡോക്സുകാരെ ഒഴിവാക്കുന്നു. തെരഞ്ഞെടുപ്പു കാലം കഴിഞ്ഞാൽ പിന്നെ അടുത്ത തെരഞ്ഞെടുപ്പു വരെ ഇരുമുന്നണികളും മലങ്കരസഭയോട് കാട്ടുന്ന അവഗണകൾക്കു വിരാമം ഇടേണ്ടതും ആവശ്യമാണ്. മുസ്ലീം ലീഗിനും ചങ്ങനാശേരി എൻ.എസ്.എസ് ഓഫീസിനും, എസ്.എൻ.ഡി.പിക്കും, കത്തോലിക്ക ബിഷപ്പ് അരമനകൾക്കും മാർത്തോമാ-റീത്ത് സഭാമേലദ്ധ്യക്ഷന്മാർക്കും, പാത്രിയർക്കീസ് വിഭാഗത്തിലെ തോമസ് പ്രഥമൻ ബാവായ്ക്കും ലഭിക്കുന്ന രാഷ്ട്രീയ പരിഗണനകളും സ്വാധീനവും ഇന്ന് കേരളത്തിലെ പൗരാണികവും അംഗബലവുമുള്ള മലങ്കര സഭയ്ക്ക് ലഭിക്കുന്നില്ല.

കഴിഞ്ഞ മാസങ്ങളിൽ അത്മായവേദി, മലങ്കര സഭാ ദീപം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ 'മലങ്കര ഓർത്തഡോക്സ് സഭാംഗം ഇന്ത്യൻ പ്രസിഡന്റാകുന്നതിനു തുരങ്കം വച്ചതു തോമസ് പ്രഥമൻ കാതോലിക്ക ബാവായും ഈ സഭയിലെ ഉന്നതനായ ഒരു കോൺഗ്രസ് നേതാവും ആണെന്നാണ്' എഴുതിയിരുന്നത്. എന്നാൽ ഈ കോൺഗ്രസ് നേതാവിനെ സ്വാധീനിക്കുവാനും നിയന്ത്രിക്കുവാനും കഴിയുന്ന ഒരു നേതൃത്വം മലങ്കര സഭയ്ക്കുണ്ടായിരുന്നുവെങ്കിൽ ഇന്ത്യൻ പ്രസിഡന്റ് മലങ്കര ഓർത്തഡോക്സുകാരനാണെന്ന് സഭയ്ക്കഭിമാനിക്കാൻ കഴിയുമായിരുന്നു, ഇങ്ങനെ വിലപിക്കേണ്ട ഗതികേട് ഉണ്ടാകില്ലായിരുന്നു. ഒരുകാലത്ത് കേന്ദ്രസംസ്ഥാന മന്ത്രിമാർ, ഗവർണർ, അംബാസിഡർ തുടങ്ങിയ രാഷ്ട്രീയ പദവികളി ൽ ഉണ്ടായിരുന്ന സ്ഥാനം ഇന്ന് അന്യമായിപ്പോയി. സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സഭാംഗങ്ങളെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും അവരവർ അർഹിക്കുന്ന സ്ഥാനമാനങ്ങൾ നേടിക്കൊടുക്കുവാൻ സഭാനേതൃത്വം പരിശ്രമിക്കുകയും അതോടൊപ്പം അവരുടെ സേവനങ്ങൾ സഭ പ്രയോജനപ്പെടുത്തുകയും വേണം. എന്നാൽ ഇന്ന് പലർക്കും പലപ്പോഴും സഭയിൽ നിന്നും കിട്ടുന്നത് നിരാശാജനകമാണ്. ഉദാഹരണം -മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.

സഭയിലെ ജനങ്ങൾ പല രാഷ്ട്രീയ ചിന്താഗതിക്കാരായതിനാൽ അവരവരുടെ രാഷ്ട്രീയ പശ്ചാത്തലത്തിൽ ശ്രീ.ഉമ്മൻചാണ്ടിയെ

വിമർശിക്കുന്നതു ന്യായീകരിക്കാമെങ്കിലും, നമ്മുടെ ഒരു സഭാംഗം എന്ന നിലയിൽ അദ്ദേഹത്തിനുവേണ്ട പിൻതുണയും പ്രോത്സാഹനവും കൊടുക്കുന്നതിനു പകരം സ്ഥാനത്തും അസ്ഥാനത്തും പലപ്പോഴും സഭാനേതൃത്വത്തിലുള്ള പല ഉന്നതന്മാരും അദ്ദേഹത്തെ പരസ്യമായി വിമർശിക്കുകയും കുറ്റം പറയുകയും ചെയ്തിരുന്നത് ഒരിക്കലും സഭയ്ക്ക് ഭൂഷണമല്ല. മലങ്കര സഭയുടെ ഔദാര്യം കൊണ്ടോ പ്രാമാണിത്വം കൊണ്ടോ അല്ല, അദ്ദേഹം മുഖ്യമന്ത്രിയായത് എന്നോർക്കണം.

## സഭാകേസ് അവസാനിപ്പിക്കണം

അടുത്ത കാതോലിക്കായുടെ ഭരണകാലത്തെങ്കിലും സഭാകേസ് അവസാനിപ്പിച്ച് 1934ലെ ഭരണഘടനപ്രകാരം മാന്യമായ ഒരു ഒത്തുത്തീർപ്പുണ്ടാക്കി സഭയെ കോടതിയിൽനിന്നും മറ്റു സമുദായക്കാരുടെ പരിഹാസത്തിൽ നിന്നും കരകയറ്റണം. ഒരു ജഡ്ജിയുടെ പേനാതുമ്പിലാണ് മലങ്കരസഭയുടെ ഭാവിയും ഭദ്രതയും നിലനിൽക്കുന്നതെങ്കിൽ മലങ്കര സഭയ്ക്കു ഒരു സഭയായിട്ട് മുന്നോട്ടു പോകുവാനോ, സമൂഹത്തിനു ക്രിസ്തീയ സാക്ഷ്യം കാണിച്ചുകൊടുക്കാനോ സാധിക്കുകയില്ല. മലങ്കരസഭ കേസിനു ചെലവഴിക്കുന്ന തുക വൈദികരുടെ ക്ഷേമനിധിയിൽ നിക്ഷേപിച്ച് അവർക്കു കൂടി പ്രയോജനം വരുന്ന കാര്യങ്ങൾ ചെയ്യണം. എട്ടൊമ്പതു വർഷങ്ങൾക്കു മുമ്പ് 'വൈദീകരാണ് സഭയുടെ നട്ടെല്ല്; മാനേജിംഗ് കമ്മറ്റിയിലും മറ്റും അതിനു സപ്പോർട്ട് ചെയ്ത് സംസാരിക്കണം' എന്ന് സഹപ്രവർത്തകരായ ചില മെത്രാപ്പോലീത്തന്മാരോട് മാർ മക്കാറിയോസ് തിരുമേനി പറഞ്ഞപ്പോൾ അവരിലൊരാൾ പ്രതികരിച്ചത് ഇപ്രകാരമായിരുന്നു. 'മക്കാറിയോസ് തിരുമേനിക്ക് വന്ന് വാചകം കത്തിച്ചേച്ചു പോയാൽ മതി, അച്ചൻമാർക്ക് നല്ല ശമ്പളം കൊടുത്താൽ പിന്നെ അവർ ഞങ്ങളുടെ വരുതിയിൽ നിൽക്കയില്ല'- എത്ര പരിതാപകരമായ ചിന്താഗതി....

ഇപ്പോൾ കാതോലിക്ക ദിനപ്പിരിവ് വൈദീകസെമിനാരി പിരിവ് തുടങ്ങിയവപോലെ വളരെ പ്രാധാന്യത്തോടുകൂടിത്തന്നെ വൈദികക്ഷേമനിധി പിരിവ് വർഷംതോറും നടത്തുവാൻ സഭാനേതൃത്വം മുൻകൈയെടുക്കണം. പരുമല കബറിങ്കൽ നിന്നും കിട്ടുന്ന തുകയിൽ നല്ലൊരുശതമാനവും വർഷം തോറും വൈദികക്ഷേമനിധി കവർ പിരിവ് നടത്തുകയും ചെയ്താൽ വൈദികരുടെ ശമ്പളവും





മറ്റ് ആനുകൂല്യവും കാലോചിതമായി അവർക്ക് നിഷ്പ്രയാസം കൊടുക്കുവാൻ സാധിക്കും. ഒരു നിശ്ചിത വയസിൽ വൈദികർക്കു പെൻഷൻ നൽകുകയും അവർ ഏറ്റവും ഒടുവിൽ വാങ്ങിയ ശമ്പളം (അലവൻസ് ഉൾപ്പെടെ) പെൻഷൻ തുകയായി നൽകുകയും തവണകൾക്ക് ഏതെങ്കിലും ഇടവകകളിൽ അവരെ അയയ്ക്കുകയും ചെയ്യുമ്പോൾ അതിനു ചെറിയ അലവൻസുകൾ കൊടുക്കുകയും ചെയ്യുമെങ്കിൽ റിട്ടയർമെന്റും മറ്റും നടപ്പാക്കുവാൻ പ്രയാസമില്ല എന്നുത ന്നെയല്ല, വൈദികർ സന്തോഷത്തോടുകൂടി അതംഗീകരിക്കുകയും ചെയ്യും. പെൻഷൻ പറ്റുന്ന വൈദികരെ അവരവരുടെ മാതൃയിടവകളിൽ സഹ വികാരിമാരായോ, അല്ലെങ്കിൽ ഭദ്രാസന തലത്തിൽ എന്തെങ്കിലും സ്ഥാനങ്ങൾ കൊടുത്ത് നിയമിക്കുകയും ഭദ്രാസന പൊതുയോഗം തുടങ്ങിയ മീറ്റിംഗുകളിൽ അവരെ സഹകരിപ്പിക്കുകയും ചെയ്താൽ സന്തോഷത്തോടുകൂടി പെൻഷൻ പദ്ധതി വൈദികർ സ്വാഗതം ചെയ്യുമെന്നുറപ്പാണ്. അമേരിക്കയിലും കാനഡയിലും പ്രവർത്തിക്കുന്ന വൈദികർക്ക് ഇവിടെ ഗവ.പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനാൽ അവരെ സഭാപെൻഷൻ പദ്ധതിയിൽനിന്നും ഒഴിവാക്കുന്നതിൽ തെറ്റില്ല.

## നിയുക്ത കാതോലിക്കായുടെ തെരഞ്ഞെടുപ്പ്

ഭരണഘടനയനുസരിച്ച് മലങ്കര സഭാതലവനെ തെരഞ്ഞെടുക്കുകയാണ് വേണ്ടത്. കത്തോലിക്ക സഭയിൽ ഭരണഘടനപ്രകാരം കർദ്ദിനാളന്മാരുടെ സംഘമാണ് പോപ്പിനെ തെരഞ്ഞെടുക്കുന്നത്. മാർത്തോമാ സഭയിൽ ഏറ്റവും സീനിയർ എപ്പിസ്കോപ്പാ മെത്രാപ്പോലീത്തായാകുന്ന പതിവാണുള്ളത്. മലങ്കര സഭയിൽ പള്ളിപ്രതിപുരുഷന്മാരും പട്ടക്കാരും ചേർന്ന് സഭാതലവനെ തെരഞ്ഞെടുക്കണമെന്നാണ് ഭരണഘടന. എന്നാൽ പലപ്പോഴും ഭരണഘടനയെ മറികടന്ന് ഉപജാപ സംഘത്തിന്റെ സ്ഥാനാർത്ഥികൾ അസോസിയേഷനിൽ പ്രതിപുരുഷന്മാരുടെ അവകാശത്തെ കവർന്നെടുക്കാറുണ്ട്. അടുത്ത പ്രാവശ്യവും അതിനുള്ള നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. സീനിയറായിരിക്കണം, മദ്ധ്യവയസ്ക്കനായിരിക്കണം, വടക്കനായിരിക്കണം, തെക്കനായിരിക്കണം, സുന്നഹദോസ് തീരുമാനിച്ച് ഒരു സ്ഥാനാർത്ഥിയെ നിർത്തണം എന്നൊക്കെ അഭിപ്രായങ്ങൾ ഉരുത്തിരിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ മാർ മക്കാറിയോസ് തിരുമേനി സ്വയം സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചതല്ല; സഭ കാലത്തിനൊത്തു ഉയരണം എന്നു ചിന്തിക്കുന്ന സഭാസ്നേഹികളായ പല കമ്മറ്റി അംഗങ്ങളും തിരുമേനിയുടെ അഭിപ്രായം ആരാഞ്ഞപ്പോൾ 'കഴിഞ്ഞകാലങ്ങളിൽ സഭയുടെ പ്രയാസ, പ്രതിസന്ധിഘട്ടങ്ങളിലെല്ലാം ഞാൻ കൂടെയുണ്ടായിരുന്നു; ഇനിയും സഭയ്ക്കു ആവശ്യമുണ്ടെങ്കിൽ ഞാൻ സന്നദ്ധനാണ്'. അല്ലാതെ ഈ വിഷയം കമ്മറ്റിയിൽ ചർച്ചയ്ക്കു വരുന്നതിനു മുമ്പോ കമ്മറ്റി മീറ്റിംഗിനുശേഷം പത്രസമ്മേളനത്തിലോ പ്രസ്താവനകളിറക്കിയതല്ലല്ലോ? യാഥാർത്ഥ്യങ്ങൾ ഇങ്ങനെയായിരിക്കെ സത്യത്തെ വളച്ചുകെട്ടി ഓരോരുത്തർക്കും അവരവരുടെ അഭിപ്രായങ്ങൾ പറയുവാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിലും ചില കുട്ടിപ്പത്രങ്ങളെ വിലയ്ക്കുവാങ്ങി ആരെയെങ്കിലും തേജോവധം ചെയ്യുവാൻ ശ്രമിക്കുന്ന പ്രവണത ഇന്ന് ചിന്താശക്തിയുള്ള ജനത്തിനിടയിൽ വിലപ്പോകുമോ? കോട്ടയത്തു നിന്നും വല്ലപ്പോഴും പ്രത്യക്ഷപ്പെടുന്ന ഒരു മാസാന്ത്യപത്രത്തിനു ഇതു ചാകരകൊയ്ത്താണെങ്കിലും വായിക്കുന്ന ജനങ്ങൾ വെറും വിഡ്ഢികളല്ലെന്നു അമേരിക്കൻ ലേഖന കർത്താക്കന്മാരും ന്യൂസ് ഏജന്റ്, ന്യൂസ് ബ്യൂറോ തുടങ്ങിയ ഓമനപ്പേരിൽ അറിയപ്പെടുന്നവരും ചിന്തിച്ചിരുന്നെങ്കിൽ എത്ര നല്ലത്.

യുവരക്തം, യുവശക്തി എന്നൊക്കെ പറയാമെങ്കിലും കൂട്ടുത്തരവാദിത്വത്തോടുകൂടി സ്വതന്ത്രമായി തീരുമാനങ്ങൾ എടുത്തു നടപ്പാക്കുവാൻ കഴിവുള്ള ഒരു സീനിയർ മെത്രാപ്പോലീത്തായുടെ നേതൃത്വമാണ് കൂടുതൽ അഭികാമ്യം. കാരണം, സീനിയർ മെത്രാപ്പോലീത്തമാർ ഉള്ളപ്പോൾ ജൂണിയറായ ഒരാൾ തലപ്പത്തു വന്നാൽ അതു സഭാനേതൃത്വത്തിലെ അച്ചടക്കത്തേയും ആജ്ഞാശക്തിയേയും സാരമായി ബാധിക്കും. സഭാതലവനെ രാജിവയ്പ്പിക്കുവാനോ നീക്കം ചെയ്യുവാനോ ഭരണഘടനയിൽ വകുപ്പുകളില്ലാതിരിക്കെ, ചെറുപ്പക്കാരനായ ഒരാൾ സഭയോടു പ്രതിബദ്ധതയില്ലാതെ ദീർഘനാൾ ഭരിക്കുകയാണെങ്കിൽ അത് ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യും.

ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനി അറുപതിനോടടുത്ത പ്രായത്തിൽ കാതോലിക്കയും പിന്നീട് മലങ്കര മെത്രാപ്പോലീത്തായുമായി എങ്കിൽ അന്ന് വട്ടശേരിൽ തിരുമേനി കഴിഞ്ഞാൽ അദ്ദേഹം ഏറ്റവും സീനിയറായ മെത്രാപ്പോലീത്തായായിരുന്നു. 1929ൽ അദ്ദേഹം കാതോലിക്ക  ആകുമ്പോൾ ബഥനിയുടെ മാർ ഈവാനിയോസ്





മാത്രമേ മെത്രാനായിട്ട് മലങ്കര സഭയിൽ ഉണ്ടായിരുന്നുള്ളു. ഇന്ന് ചെറുപ്പക്കാരനായ ഒരു മെത്രാപ്പോലീത്ത സഭാതലവനായി വന്നാൽ സീനിയേഴ്സിന്റെ മേൽ എത്രമാത്രം മേല്കോയ്മ ഉണ്ടാകും എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

നോമിനേഷൻ സമർപ്പിക്കുന്ന എല്ലാ മെത്രാപ്പോലീത്താമാരുടെയും പേരുകൾ എഴുതി ബാലറ്റുപേപ്പർ ക്രമപ്പെടുത്തുകയും പ്രതിപുരുഷന്മാർക്ക് സ്വതന്ത്രരായി വോട്ടവകാശം രേഖപ്പെടുത്തുവാൻ അവസരം കൊടുക്കുകയും ചെയ്താൽ, മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കയുമാകുന്ന ആൾ ഒരു ഉപജാപസംഘത്തിന്റെയും പ്രതിനിധി ആകാതെ ജനങ്ങളോടും വൈദികരോടും കടപ്പാടും പ്രതിബദ്ധതയുമുള്ള ആളായി സഭയുടെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുവാൻ സാധിക്കും. അല്ലായെങ്കിൽ മാഫിയ പോലെയുള്ള ഒരു കോക്കസായിരിക്കും സഭ നിയന്ത്രിക്കുന്നതും ഭരിക്കുന്നതും. തന്നെ സഭാ തലവനാക്കിയ കിംഗ് മേക്കേഴ്സിന്റെ കീഴിൽ ഒരു പാവയെപ്പോലെ കഴിഞ്ഞുകൂടാനെ അദ്ദേഹത്തിനു കഴിയൂ.

എത്രമാത്രം പരിശുദ്ധാത്മാവു നിറഞ്ഞ വൈദികനാണെന്നു അവകാശപ്പെട്ടാലും മലങ്കര അസോസിയേഷൻ കൂടി തെരഞ്ഞെടുത്തില്ലെങ്കിൽ മെത്രാന്മാരാകുവാൻ സാധിക്കാത്ത സാഹചര്യമാണല്ലോ ഇന്ന് സഭയിലുള്ളത്. അതുപോലെ സഭാസെക്രട്ടറി, സഭാട്രസ്റ്റി സ്ഥാനികളും സമ്മതികാവകാശം ലഭിച്ചുവരുന്നവരാണ്. അതുപോലെ സഭാതലവനേയും ഭരണഘടനപ്രകാരം അർഹമായ രീതിയിൽ തെരഞ്ഞെടുപ്പു നടത്തുവാനുള്ള സാഹചര്യം ഉണ്ടാകണം. അല്ലായെങ്കിൽ ഗുണത്തെക്കാൾ ഏറെ ദോഷം ചെയ്യും എന്നതിനു സംശയമില്ല. അഞ്ചുവർഷം കൂടുമ്പോൾ രാഷ്ട്രീയ തെരഞ്ഞെടുപ്പുകൾ നടത്തുന്നതുകൊണ്ടോ സംസ്ഥാനങ്ങളോ, ഇന്ത്യയോ ഛിന്നഭിന്നമായി പോകുന്നില്ല. മലങ്കര സഭയിൽ ശരിയായ രീതിയിൽ ഭരണസംവിധാനം നടത്തിയാൽ സഭ ഛിന്നഭിന്നമായി പോകയല്ല; കൂടുതൽ കെട്ടുറപ്പും ഭദ്രതയും ഉള്ളതായി വളരും. കാലാകാലങ്ങളിൽ അനേകർ സഭവിട്ടു മറ്റു സഭകളിലേക്കു പോയിട്ടുണ്ട്. അവർ പോയശേഷം അവരെക്കുറിച്ച് വിലപിക്കുകയും വിമർശിക്കുകയും ചെയ്യുന്നതു നമ്മുടെ ഒരു പതിവാണ്. എന്നാൽ സഭയുടെ ഇന്നത്തെ രീതികളോടുള്ള അമർഷത്തിൽ സഭാനേതൃത്വത്തോടു അകൽച്ചയിലും നിരാശയിലും കഴിയുന്ന അനേകരെക്കുറിച്ചു സഭാനേതൃത്വം ബോധവാന്മാരാകണം. ആത്മീയ സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽ

മലങ്കര സഭയുടെ ശുഷ്കിച്ചുകൊണ്ടിരിക്കുന്ന യശസ് വീണ്ടെടുക്കുവാൻ തക്കവണ്ണം സഭയ്ക്ക് ധീരമായ നേതൃത്വം കൊടുക്കുവാൻ ചുമതലയുള്ള തലവന്റെ ജോലി വെറും ഒരു അലങ്കാരസ്ഥാനമല്ല; മറിച്ച് ഭാരിച്ച ഉത്തരവാദിത്വമാണ്. 'ആത്മീയഗുരുക്കന്മാർ എന്നഭിമാനിക്കുന്ന ശ്രേഷ്ഠ പിതാക്കന്മാരുടെയും സഭാനേതാക്കന്മാരുടെയും ഇടയിലുള്ള അധികാര വടംവലിക്കും അസൂയയ്ക്കും വിദ്വേഷത്തിനും ആത്മീയപരിവേഷം കൊടുത്ത് സാധാരണക്കാരനെ കബളിപ്പിച്ച്, പണം പിരിച്ചെടുത്തു സ്ഥാനമാനങ്ങൾ ഉറപ്പിക്കാൻ കണ്ടുപിടിച്ച പൈശാചികവും മൃഗീയവുമായ അടവാണ് സഭാകേസ് എന്ന പേരിൽ പുറത്തുവന്നിരിക്കുന്നത്'

മലങ്കര സഭയുടെ വിശ്വാസപ്രമാണങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് സഭാകേസുകൾ പൂർണ്ണമായി അവസാനിപ്പിച്ച് ഭരണസംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങളും പരിഷ്കാരങ്ങളും നടപ്പാക്കാൻ തക്കവണ്ണം വിശാലവീക്ഷണവും കഴിവും പ്രാപ്തിയുമുള്ള ഒരു നേതൃത്വം ഉണ്ടാകണം. അടുത്ത അസോസിയേഷനിൽ മലങ്കരസഭ ഈ ഉത്തരവാദിത്വത്തിലേക്കാണ് മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കയുമായി ഒരു സീനിയർ മെത്രാപ്പോലീത്തയെ തെരഞ്ഞെടുക്കേണ്ടത്.

○





# വട്ടശ്ശേരിൽ സ്മാരക പ്രഭാഷണം

**ഡോ.തോമസ് മാർ മക്കറിയോസ് മെത്രാപ്പോലീത്ത**

2005 പഴയസെമിനാരിയിൽ നടത്തിയ പ്രഭാഷണം

**വാ**ത്സല്യമുള്ളവരെ,

പരാജയങ്ങളുടെ നടുവിൽ ദൈവത്തെ കാണുവാനും പരാജയങ്ങളുടെ നടുവിൽ വിജയത്തെ കാണുവാനുമുള്ള ഒരു കഴിവ് വട്ടശ്ശേരിൽ തിരുമേനിക്ക് ഉണ്ടായിരുന്നു. എവിടെയെങ്കിലും പരാജയമോ വേദനയോ ഉണ്ടെങ്കിൽ അതിനുള്ളിൽ ഒരു ദൈവം ഒളിഞ്ഞിരിപ്പുണ്ടെന്നും ആ ദൈവത്തെ കണ്ടുപിടിക്കുവാൻ കഴിഞ്ഞതാണ് വട്ടശ്ശേരിൽ തിരുമേനിയുടെ വിജയത്തിനു പിന്നിലെ കാരണം.

ദൈവത്തെ ഞാൻ കാണുന്നുവെന്നാണ് മരിക്കാറായപ്പോഴും സ്തേഫാനോസ് പറഞ്ഞത്. പരാജയത്തിൽ പോലും ദൈവത്തെ കാണുവാനുള്ള കഴിവ് സഹദായ്ക്കുള്ളതുകൊണ്ടാണ് ക്രിസ്ത്യൻ സഭ വളരുവാൻ ഇടയായത്.

1923ൽ വീരരാഘവ അയ്യങ്കാരുടെ വിധിയുണ്ടായപ്പോൾ സഭ അടിപതറിയിരുന്നു. ഈ പരാജയം സഭയ്ക്കുണ്ടായപ്പോൾ സഭയ്ക്കുള്ളിൽ മൂന്നുവിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. വിധിയെ അനുസരിച്ച് പോകണമെന്ന് ഇ.ജെ.ജോൺ വക്കീൽ അഭിപ്രായപ്പെട്ടു. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ സഭ പാത്രിയർക്കീസിനു വിധേയമാകുമായിരുന്നു. കത്തോലിക്കാസഭയിൽ ചേരണമെന്നാണ് ബഥനിയിലെ ഈവാനിയോസ് തിരുമേനി വാദിച്ചത്. പള്ളിയിൽ നിന്നും എന്തു കാരണമുണ്ടായാലും ഇറങ്ങരുതെന്നും മല്ലടിക്കണമെന്നും വാദിച്ചത് മൂന്നാമത്തെവിഭാഗത്തിനു നേതൃത്വം നൽകിയ മാമ്മൻ മാപ്പിളയായിരുന്നു. വിധിപരിശോധിച്ചിട്ട് അതിലെ ഒരു വാചകം ആശ്വാസകരമായി കണ്ടെത്തി. അത് നമ്മുടെ വിജയമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയെങ്കിലും അടുത്ത അസോസിയേഷനിൽ മലങ്കരമെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കണമെന്ന ആ ഒരു വാചകത്തെ പിടിച്ചുകൊണ്ട് വിജയത്തിനായി പ്രയത്നിച്ചു. തങ്ങൾക്ക് അനുകൂലമായ 700 പള്ളികളുണ്ടെന്നും അതിനാൽ വിജയം സുനി

ശ്ചിതമാണെന്നും മാമ്മൻ മാപ്പിള പറഞ്ഞു. എതിർകക്ഷിക്ക് 300 പള്ളികളുടെ സ്വാധീനം മാത്രമേയുണ്ടായിരുന്നുള്ളു.

ബുദ്ധിയും ഭക്തിയും ഒരുമിച്ചു ചേർന്ന മനുഷ്യനായിരുന്നു വട്ടശ്ശേരിൽ തിരുമേനി. എം.എ.വർക്കി പറഞ്ഞത് ആവർത്തിക്കുകയാണ്, തലച്ചോറ് അരച്ചു പുഴുങ്ങിയുണ്ടാക്കിയ തിരുമേനിയാണ് വട്ടശ്ശേരിൽ തിരുമേനി.

സഭയുടെ കേസ് വിസ്തരിച്ചപ്പോൾ വട്ടശ്ശേരിൽ തിരുമേനിയെ വിസ്തരിക്കാതെയായിരുന്നു മുടക്ക് നൽകിയത്. ഇത് തെറ്റായ വിധി ന്യായമായിരുന്നു.

കർത്താവിൽ വാത്സല്യമുള്ളവരെ,

പരാജയം ഉണ്ടായപ്പോഴാണ് ഈ സഭ വളർന്നിട്ടുള്ളത്. അതുകൊണ്ട് വ്യക്തിപരമായ കാര്യങ്ങളിലേക്ക് പ്രവേശിച്ച് ഈ ജനതയ്ക്കുവേണ്ട ഉയിരും ഉത്തേജനവും കൊടുക്കുന്നുവെന്നുള്ള ധാർമ്മികമായ ബാദ്ധ്യത നമുക്കിന്നുണ്ട്. അതിനെന്താണ് ചെയ്യേണ്ടതെന്ന് എന്നോട് ചോദിച്ചാൽ എനിക്ക് ഒരു നാലഞ്ചുകൂട്ടം കാര്യങ്ങൾ പറയുവാനുണ്ട്. അത് നിങ്ങൾക്ക് ഇഷ്ടമായാലും ഇല്ലെങ്കിലും പറയുവാൻ പോകുകയാണ്.

ഒന്ന്, കാതോലിക്കായുടെ കീഴിൽ രണ്ടു പാത്രിയർക്കീസ്മാരെ ഉടനെ വാഴിക്കണം. അത് അർമേനിയൻ സഭയിലും മറ്റു സഭയിലും ഉള്ള രീതിയാണ്.

രണ്ട്, ഭരണഘടനയിലെ ഒന്നാമത്തെ വകുപ്പിൽ പറയുന്ന അന്ത്യോക്യ എന്ന പദം അവിടെ നിന്ന് എടുത്തുമാറ്റണം. നമുക്ക് ആവശ്യമുള്ള പദമല്ല ഇത്. 1934ൽ ആ പദം ഉണ്ടായിരുന്നില്ല. പിന്നീട് അമ്പത്തിയൊന്നിലോ മറ്റോവാണ് അത് കൂട്ടിച്ചേർത്തത്. അതിന് മലങ്കര അസോസിയേഷന്റെ തീരുമാനം ഉണ്ടായിരുന്നുവോ എന്നു ചോദിച്ചാൽ ഇല്ലായെന്നാണ് എന്റെ അറിവ്. ആർക്കെങ്കിലും വേറെ അറിവുണ്ടെങ്കിൽ അറിയിക്കുന്നത് നല്ലതാണ്. ഭരണഘടനയിലില്ലാ ത്ത ഒരു കാര്യം 1951ൽ കൂട്ടിച്ചേർത്തതിനു പിന്നിൽ ഒരു കാര്യം കൂ ടിയുണ്ടായിരുന്നു. കേസുവാദിക്കുന്ന സമയത്ത് പാത്രിയർക്കീസ് കക്ഷിയുടെ വക്കീലായ ബ്രാഡൽ കാതോലിക്കാ കക്ഷിയുടെ വക്കിലായ വെങ്കിട്ടരാമശാസ്ത്രിയോടു ചോദിച്ചു നിങ്ങൾ അന്ത്യോക്യ പാത്രിയർക്കീസ് എന്നു പറയാതെ വെറും പാത്രിയർക്കീസ് എന്നു പറയുന്നത് വെറും തട്ടിപ്പല്ലേ. അതുകാരണം ബലഹീനത ഉണ്ടാകരുതെന്നു കരുതി അദ്ദേഹം നമ്മളോടു പറഞ്ഞതിൻപ്രകാരമാണ്





അന്ത്യോക്യയിലും മറ്റും അനവധി പാത്രിയർക്കീസ് ഉണ്ടല്ലോ അതിലൊന്ന് വച്ചേക്കാൻ പറഞ്ഞു. അങ്ങനെ വച്ചെന്നാണ് എന്റെ അറിവ്. അതുകൊണ്ട് അത് മാറ്റണം.

മൂന്ന്, അന്ത്യോക്യയിൽ അല്ലെങ്കിൽ ദമസ്കോസിൽ നമുക്കൊരു പാത്രിയർക്കീസ് ഉണ്ടാകണം. മലങ്കരസഭയെ അംഗീകരിക്കുന്ന ഒരു പാത്രിയർക്കീസ് ഉണ്ടായേ തീരൂ. ഇന്ന് മലങ്കരസഭയെ അംഗീകരിക്കുന്ന പാത്രിയർക്കീസ് ഇല്ല. അന്ത്യോക്യയിൽ പാത്രിയർക്കീസ് ഉണ്ടാകണം. അവിടെ ധാരാളം സ്ഥാനാർത്ഥികളെ കിട്ടും എന്നാണ് എനിക്ക് അറിയുവാൻ കഴിഞ്ഞിട്ടുള്ളത്. ഞാൻ ബാവാതിരുമേനിയോട് തമാശയായിട്ട് പറഞ്ഞിട്ടുണ്ട്. എനിക്കനുവാദം നൽകിയാൽ ഞാൻ ദമസ്ക്കോസിൽ പോയി പാത്രിയർക്കീസിനെ വാഴിച്ചിട്ടുവരാമെന്ന്. ഇതൊരാവശ്യമാണ്. കാരണം രണ്ടു പാത്രിയർക്കീസ് ഉണ്ടായപ്പോഴാണ് നമുക്ക് എന്തെങ്കിലും ഗുണമുണ്ടായിട്ടുള്ളത്. ഈ വിജയം കൊണ്ട് നമുക്കു ഗുണമുണ്ടായതുമില്ല. അല്ലെങ്കിൽ ഒരു കാലത്തും നമുക്കു ഗുണം ഉണ്ടാകുകയുമില്ല. അതുകൊണ്ട് രണ്ട് പാത്രിയർക്കീസ്മാരെ വാഴിച്ച് ഇവിടെ നമ്മൾ കിടന്ന് അടിക്കുന്നത് അവിടെ അവർ തമ്മിലാകണം. നമ്മൾ അടിതുടങ്ങിയിട്ട് നൂറുവർഷങ്ങളായി. അവർ തമ്മിൽ അടിക്കാനുള്ള ഒരു പദ്ധതി ഉണ്ടാക്കി അവർക്കു കൊടുക്കുകയാണ് വേണ്ടത്. അത് വളരെ അത്യാവശ്യമായ ഒരു സംഗതിയാണ്.

ചരിത്രപഠിതാക്കൾക്ക് സഹായകരമാകുന്ന ഒരു കാര്യം കൂടി പറയുകയാണ്. 1653 മെയ് മാസം 22-ാം തീയതി പെന്തിക്കോസ്ത് ദിനത്തിൽ മലങ്കര സഭയുടെ ഒരു പൊതുയോഗം ആലങ്ങാട്ട് എന്നു പറയുന്ന പട്ടണത്തിൽ കൂടി. മലങ്കരസഭയ്ക്ക് ഒരു മെത്രാനെ തെരഞ്ഞെടുത്ത ആദ്യത്തെ സംഭവമായിരുന്നു അത്. മെത്രാനെ തെരഞ്ഞെടുത്തപ്പോഴാണ് വാഴിക്കാൻ ഇവിടെ തിരുമേനി ഇല്ലാതിരുന്നതുകൊണ്ട് തൽക്കാലം അദ്ദേഹത്തിന് അധികാരം കൊടുത്ത് സഭയുടെ തലവനായിട്ട് അവർ അവരോധിച്ചത്. അങ്ങനെ അവരോധിക്കുന്നതിന് നമുക്ക് അവകാശം ഉണ്ടെന്ന് അന്ന് ഭാരതത്തിൽ ജയിലിൽ കിടന്ന അഹത്തുള്ള പാത്രിയർക്കീസ് ഒരു കല്പന കൊടുത്തയച്ചു. നിങ്ങൾക്ക് അതിന് അധികാരം ഉണ്ടെന്നും അതിനായി ഞങ്ങളെ കാത്തിരിക്കേണ്ടതില്ലെന്നുമായിരുന്നു ആ കല്പനയിലെ സാരാംശം. ആ കല്പന തലയിൽ വച്ചുകൊണ്ടാണ് ഒന്നാം മാർത്തോമായെ തലവനായിട്ട് അവരോധിച്ചത്. ഇന്നും ഇന്നലെയും

നേടിയ സ്വാതന്ത്ര്യമല്ലയിത് എന്നു നാം മനസ്സിലാക്കണം. അതു പോലെയുള്ള ഒരു കല്പനയാണ് അബ്ദുൾ മിശിഹാ പാത്രിയർക്കീസ് ഇവിടെ വന്നപ്പോൾ നല്കിയത്. നിങ്ങളുടെ ഒരു കാതോലിക്ക കാലം ചെയ്താൽ മറ്റൊരാളെ ആ സ്ഥാനത്തേക്ക് വാഴിക്കാനുള്ള അധികാരവും അതു നൽകുന്നുണ്ട്.

കർത്താവിൽ വാത്സല്യമുള്ളവരെ,

അവസാനമായി ഒരു കാര്യം കൂടി ഞാൻ പറയുന്നു. പരാജയപ്പെടുമ്പോൾ പാട്ടുപാടുവാൻ കഴിയുന്നവരാണ് നേതാക്കന്മാരെന്ന് ഒസ്താത്തിയോസ് തിരുമേനി ജോർജ് അച്ചനായിരുന്നപ്പോൾ പറയുമായിരുന്നു. അതിൽ അദ്ദേഹം അവസാനമായി ഉപയോഗിച്ചിരുന്ന ഒരു ശൈലിയുണ്ട്. ആടുന്ന കമ്പിൽ പാടുന്ന പൈങ്കിളിയാണ് ദൈവത്തിൽ ആശ്രയിക്കുന്ന ആൾ എന്ന്.

ആടുന്ന കമ്പിലെ പാടുന്ന ഒരു പൈങ്കിളിയായിരുന്നു വട്ടശ്ശേരിൽ തിരുമേനിയെന്ന വലിയ സത്യം നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് സഭയ്ക്ക് ഒരു പുതിയ ജീവനും ഉത്തേജനവും നൽകുവാൻ ഞങ്ങളെ സഹായിക്കണമേയെന്ന് നിങ്ങൾ പ്രാർത്ഥിക്കണം എന്നുമാത്രം അപേക്ഷിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

○



മലങ്കര സഭാ സംരക്ഷകൻ

Private Circulation Only

stamp

To

..................................

..................................

..................................

Printed Book

From

മലങ്കര സഭാസംരക്ഷണസമിതി

കോഴഞ്ചേരി. പിൻ. 689 611

# മലങ്കര സഭാ സംരക്ഷകൻ